# ആമുഖം.

1914 ൽ ആണ് ചെമ്പിലാവ് ഗവൺമെന്റ് യു.പി. സ്കൂൾ പ്രവർത്തനം ആരംഭിച്ചത്. കിടങ്ങൂർ ഗ്രാമപഞ്ചായത്തിൽ എട്ടാം വാർഡിൽ സ്ഥിതിചെയ്യുന്ന ഈ വിദ്യാലയം ചെമ്പിലാവ് പ്രദേശത്തെ ജനങ്ങളുടെ വിദ്യാഭ്യാസപുരോഗതിയിൽ സ്തുത്യർഹമായ പങ്കാണ് വഹിച്ചുവരുന്നത്. ഒരേക്കർ സ്ഥലത്താണ് വിദ്യാലയം സ്ഥിതിചെയ്യുന്നത്. SSK യുടേയും കിടങ്ങൂർ ഗ്രാമപഞ്ചായത്തിന്റേയും MLA യുടേയും ഫണ്ട് ഉപയോഗിച്ച് ഇതേവരെയൊക്കെ വികസനപ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. യുടെ സാധ്യതകൾ പരമാവധി ഉപയോഗപ്പെടുത്തി സ്കൂൾ മോടിപിടിപ്പിച്ചിട്ടുണ്ട്. വൃത്തിയുള്ള സ്കൂൾ പരിസരം, മനോഹരമായ ക്ലാസ് മുറികൾ, ഡൈനിംഗ് ഹാൾ, ഫർണിച്ചറുകൾ, സർഗ്ഗസൃഷ്ടികൾ, കുട്ടികളുടെ വായനശാല, വൃത്തിയുള്ള ടോയ്‌ലറ്റ്, പാർക്ക്, ശാസ്ത്ര, ഗണിത-ശാസ്ത്ര, സാമൂഹ്യശാസ്ത്ര ലാബുകൾ, കമ്പ്യൂട്ടർ ലാബ്, പുരാവസ്തു മ്യൂസിയം, ജൈവവൈവിധ്യ ഉദ്യാനം, ശുദ്ധജലവിതരണ സംവിധാനം, ശലഭോദ്യാനം, പഠനോപകരണങ്ങളും പഠനമാതൃകകളും മനോഹരമായി ആലേഖനം ചെയ്തിരിക്കുന്ന സുന്ദരമായ സ്കൂൾ കാമ്പസ് എന്നിവ ഉൾപ്പെടുന്നതാണ്

സ്കൂളിന്റെ ഭൗതിക സൗകര്യങ്ങൾ. ഒന്നുമുതൽ ഏഴുവരെ ക്ലാസുകളിലായി എഴുപത്തിയാറുകുട്ടികളും എട്ട് അധ്യാപകരുമാണ് ഈ വിദ്യാലയത്തിലുള്ളത്. PTA, MPTA, SMC, SSG എന്നിവ സജീവമായി പ്രവർത്തിക്കുന്നു.

ശാസ്ത്ര-ഗണിതശാസ്ത്ര, പ്രവൃത്തിപരിചയ മേളകൾ, കലാമേള, കായികമേള തുടങ്ങിയവയിൽ മികച്ച പ്രകടനമാണ് ഈ വിദ്യാലയത്തിലെ കുട്ടികളുടേത്. പഠനത്തിലും പഠനാനുബന്ധപ്രവർത്തനങ്ങളിലും ഒരുപോലെ മികവുപുലർത്തുന്നു. വിദ്യാർത്ഥികളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനായി ക്യാച്ച്മെന്റ് ഏരിയയിലെ മുഴുവൻ കുട്ടികളേയും ആകർഷിക്കുകയെന്ന വിശാല ലക്ഷ്യമാണ് സ്കൂളിനുള്ളത്. വളരെയധികം വികസന പ്രവർത്തനങ്ങളും നൂതന സാങ്കേതികവിദ്യയുടെ സഹായത്തോടെയുള്ള പഠനപ്രവർത്തനങ്ങളും ഇതിന് ആവശ്യമാണ്.

പൊതുലക്ഷ്യങ്ങൾ.

- എല്ലാ കുട്ടികൾക്കും പഠനത്തിനും വികസനത്തിനും തുല്യഅവസരം നൽകണം.
- പ്രായഘട്ടത്തിനനുയോജ്യമായ വിധത്തിൽ മികച്ച ആശയവിനിമയശേഷി നേടിയെന്നുറപ്പാക്കണം.

- മലയാളം, ഇംഗ്ലീഷ്, ഹിന്ദി എന്നീ ഭാഷകൾ സംസാരിക്കാനും വായിക്കാനും എഴുതാനുമുള്ള കഴിവ് ഉറപ്പുവരുത്തുന്നു.
- കുട്ടികളുടെ സർഗ്ഗപരവും അക്കാദമികവും കായികവുമായ കഴിവുകൾ പരമാവധി വളർത്തി ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കാൻ പ്രാപ്തരാക്കുന്നു.
- ഓരോ ക്ലാസിലും നേടേണ്ട പഠനശേഷികൾ നേടിയെന്നുറപ്പുവരുത്തുന്നു.
- ക്ലാസ് മുറികളിൽ ആധുനിക സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തുന്നു.
- ശാസ്ത്രീയ മനോഭാവവും സ്വതന്ത്ര ചിന്തയുമുള്ള വ്യക്തികളാകാൻ കുട്ടികളെ സഹായിക്കുന്നു.
- സമൂഹത്തിന്റെ സജീവ പങ്കാളിത്തം എല്ലാതലത്തിലും ഉറപ്പാക്കുന്നു.
- മതനിരപേക്ഷ ജനാധിപത്യ സംസ്കാരം വികസിപ്പിക്കാൻ ആവശ്യമായ മൂല്യബോധം സൃഷ്ടിക്കുന്നു.
- ആരോഗ്യകരമായ സ്ത്രീ പുരുഷ ബന്ധങ്ങളെക്കുറിച്ചും തുല്യതയെക്കുറിച്ചും ലിംഗസമത്വത്തെക്കുറിച്ചുമുള്ള കുട്ടികളുടെ കാഴ്ചപ്പാട് സമ്പുഷ്ടമാക്കുന്നു.
- സ്കൂൾ കാമ്പസിനെ ഒരു പാഠപുസ്തകമായി വികസിപ്പിക്കുക.

- പഠനം പരിസരസംബന്ധിയും ജീവിതഗന്ധിയുമാക്കുക.
- പാരിസ്ഥിതികാവബോധം, സൗന്ദര്യാവബോധം, മാലിന്യനിർമാർജ്ജനാവബോധം, വിമർശനാവബോധം എന്നിവ ഉളവാക്കാൻ ആവശ്യമായ അനുഭവങ്ങൾ പ്രദാനം ചെയ്യുക.
- ജൈവവൈവിധ്യോദ്യാനത്തിന്റെ അനന്തസാധ്യതകൾ പ്രയോജനപ്പെടുത്തുക.
- സ്കൂൾ ലൈബ്രറി പരമാവധി പ്രയോജനപ്പെടുത്തി കുട്ടികളെ മികച്ച എഴുത്തുകാരും വായനക്കാരുമാക്കി മാറ്റുക.
- ഗണിതം ആസ്വദിക്കാൻ കഴിയുന്ന തലത്തിലേക്ക് കുട്ടികളെ ഉയർത്തുക.
- ജനകീയ പിന്തുണാസംവിധാനങ്ങൾ ശക്തിപ്പെടുത്തുക.
- തുടർച്ചയായതും സമഗ്രവുമായ മൂല്യനിർണ്ണയപ്രക്രിയ വിലയിരുത്തലിന്റെ അവിഭാജ്യ ഘടകമാക്കുക.
- കൂടുതൽ ശിശുസൗഹൃദമാകുന്നതിനും വിധം അധ്യാപകരുടെ കാഴ്ചപ്പാട് വിശാലമാക്കുക.
- കുട്ടികളുടെ പ്രതികരണശേഷി വളർത്തുക.
- ശാസ്ത്രനിരീക്ഷണങ്ങൾക്കും പരീക്ഷണങ്ങൾക്കും പ്രാധാന്യം നൽകുക.

- വൃത്തിയുള്ള അന്തരീക്ഷത്തിൽ പാകം ചെയ്ത ആഹാരം ഓരോ കുട്ടിക്കും ഉറപ്പുവരുത്തുക.
- സ്വാശ്രയ ശീലം വളർത്തുക.
- മാനസികവെല്ലുവിളികളും ചിന്താകുഴപ്പങ്ങളും മറികടക്കുന്നതിനായി മന:ശാസ്ത്രസഹായം ഏർപ്പെടുത്തുക
- സ്കൂൾ ഒരു സാമൂഹ്യസ്ഥാപനമാണ് എന്ന ബോധം ഉണ്ടാക്കുക.

# വിദ്യാലയത്തിന്റെ ലഘു ചരിത്രം

കൊല്ലവർഷം 1089-ൽ ചെമ്പിളാവ് ലോവർ പ്രൈമറി സ്കൂൾ എന്ന പേരിലാണ് ഈ സ്കൂൾ സ്ഥാപിതമായത്. അക്കാലഘട്ടത്തിലെ പ്രബുദ്ധരും ദീർഘവീക്ഷണമുള്ളവരുമായ ഒരു കൂട്ടം മഹത് വ്യക്തികളുടെ അശ്രാന്ത പരിശ്രമ ഫലമായാണ് ഈ വിദ്യാലയം രൂപം കൊണ്ടത്. ഈ വിദ്യാലയത്തെ ഒരു സ്വകാര്യ സ്ഥാപനം ആക്കാതെ 1902-ൽ ഇതിന്റെ വസ്തുവകകൾ ഗവൺമെന്റിലേക്ക് വിട്ടുകൊടുക്കുകയും അങ്ങനെ ഈ സ്കൂൾ ഒരു ഗവൺമെന്റ് സ്ഥാപനമായി മാറുകയും ചെയ്തു. 20 സെന്റ് സ്ഥലത്തുമാത്രം ആരംഭിച്ച ഈ സ്കൂളിന് വേണ്ടി 80 സെന്റ് സ്ഥലം കൂടി പൊന്നും വിലയ്ക്കെടുത്ത് ഇന്ന് ഒരേക്കറിൽ ഈ സ്കൂൾ സ്ഥിതിചെയ്യുന്നു. 1964-ൽ ഈ സ്കൂൾ യു.പി സ്കൂളായി ഉയർത്തപ്പെട്ടു. പ്രീപ്രൈമറി ഉൾപ്പെടെ 96 കുട്ടികളും 8 അധ്യാപകരുമാണ് നിലവിലുള്ളത്. എസ്. എസ്. എ.യുടെയും കിടങ്ങൂർ ഗ്രാമപഞ്ചായത്തിന്റെയും ഫണ്ട് ഉപയോഗിച്ച് സ്കൂളിൽ കുറെയൊക്കെ വികസന പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. ഇനിയും ഒട്ടേറെ കാര്യങ്ങൾ സ്കൂളിന്റെ വികസനത്തിനായി ചെയ്യേണ്ടതുണ്ട്.

## വിദ്യാലയം അറിവിന്റെ കേന്ദ്രം - കാഴ്ചപ്പാട്

- കുട്ടിയുടെ സമഗ്ര വികസനത്തിന് ഉതകുന്ന വിദ്യാലയാന്തരീക്ഷം ഒരുക്കൽ
- പാഠ്യ പാഠ്യാനുബന്ധ പ്രവർത്തനങ്ങളിൽ സജീവ താത്പര്യത്തോടെ കുട്ടികൾ ഇടപെടുന്ന അന്തരീക്ഷം ഒരുക്കൽ
- പരസ്പരസഹായം, സഹകരണം, അനുകമ്പ തുടങ്ങിയ മൂല്യങ്ങളും മനോഭാവങ്ങളും രൂപപ്പെടുന്നതിനുള്ള അവസരമൊരുക്കൽ.
- വ്യക്തിശുചിത്വം, പരിസരശുചിത്വം, പരിസ്ഥിതി സംരക്ഷണം തുടങ്ങിയ മൂല്യങ്ങൾ വളർത്തിയെടുക്കൽ
- പാർശ്വവൽക്കരിക്കപ്പെട്ടവർക്ക് പ്രത്യേക പരിഗണന പ്രദാനം ചെയ്യുന്ന അന്തരീക്ഷമൊരുക്കൽ, ഭിന്നശേഷിക്കാർക്ക് പരിഗണന നൽകൽ
- ഓരോ പ്രായത്തിലും നേടിയിരിക്കേണ്ട ധാരണകളും ശേഷികളും നേടിയിട്ടുണ്ട് എന്ന് ഉറപ്പുവരുത്തൽ.
- ഭൂമി എല്ലാവർക്കും അവകാശപ്പെട്ടതാണെന്നും പ്രകൃതി വിഭവങ്ങൾ കരുതലോടെ ഉപയോഗിച്ച് വരും തലമുറക്കായി കരുതിവെക്കേണ്ടതാണെന്നുമുള്ള പൊതുബോധ്യം നൽകുക.

## പദ്ധതി രൂപീകരണ പ്രക്രിയ

SRG യോഗത്തിൽ ചർച്ച

വികസനാവശ്യങ്ങൾ, ക്ലാസ്- വിഷയം അടിസ്ഥാനത്തിൽ
ഭൗതികം- അക്കാദമികം- സാമൂഹികം എന്നിങ്ങനെ
തിരിച്ച് കരട് തയ്യാറാക്കൽ.

കരട് രൂപരേഖ SRG, SMC, PTA, MPTA
ജനപ്രതിനിധികൾ തുടങ്ങിയവരടങ്ങുന്ന
ശില്പശാലയിൽ അവതരിപ്പിക്കൽ.

നിർദ്ദേശങ്ങൾ കൂട്ടിച്ചേർക്കൽ

PTA നേതൃത്വത്തിൽ പദ്ധതിരേഖ തയ്യാറാക്കൽ.

## മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

### അക്കാദമികം

- ഭാഷാശേഷി വികസനം
- ശാസ്ത്രപോഷണ പരിപാടി
- ഗണിതശേഷി വികസനം
- ഇംഗ്ലീഷ് പഠന ശാക്തീകരണം
- വായനാ പരിപോഷണം
- ലൈബ്രറി ശാക്തീകരണം
- ലബോറട്ടറി ആധുനികവത്കരിക്കൽ
- നാടകക്കളരി
- ജൈവ വൈവിധ്യപാർക്ക് വികസനം
- പഠനയാത്രകൾ
- ഐ.ടി. പരിശീലനം
- കലാ- കായികമേള
- ക്ലാസ് പി.ടി.എ സജീവമാക്കൽ
- സ്കൂൾ പത്രം / മാസിക
- പ്രവൃത്തി പരിചയ പഠനം
- എസ്. ആർ. ജി ശാക്തീകരണം
- സ്കൂൾ റേഡിയോ - ശബ്ദനികുഞ്ജം

അക്കാദമികം - തുടർച്ച

- ഒന്നാം ക്ലാസ് ഒന്നാംതരം
- ശാസ്ത്രാഭിരുചി വളർത്തൽ
- പച്ചക്കറിത്തോട്ടം
- രചനാ ശില്പശാല
- അഭിമുഖങ്ങൾ
- വെഡിക്കൽ ക്യാമ്പ്
- പോഷകാഹാര പരിപാടി
- ഗണിതലാബ് - ഗണിതാന്തരീക്ഷമൊരുക്കൽ.
- ഭാഷാലാബ്
- ഗവേഷണാത്മകമായ പ്രവർത്തനങ്ങൾ.
- കായിക പഠനം.
- ദിനാചരണം
- ടേം മൂല്യനിർണയം, നിരന്തരവിലയിരുത്തൽ
- ബ്ലോഗ്
- ഒറിഗാമി ശില്പശാല
- പാവനാടക പരിശീലനം.
- അധ്യാപക ശാക്തീകരണ പരിപാടികൾ
- സാഹിത്യ പോഷണ പരിപാടി
- സെമിനാറുകൾ.

## മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

ഭൗതികം

ചുറ്റുമതിൽ

കളിസ്ഥലം നവീകരണം

കുട്ടികളുടെ പാർക്ക് - വികസനം

ക്ലാസ്മുറികൾ - ആധുനികവത്ക്കരണം.

ഓഫീസ് മുറി - നവീകരണം

സ്റ്റാഫ് മുറി - നവീകരണം

വിശ്രമ മുറി

കമ്പ്യൂട്ടർ റൂം -

മൾട്ടിമീഡിയ റൂം

എന്റെ വീട്ടിലും ഒരു കൃഷിത്തോട്ടം

ലൈബ്രറി - വികസനം - പുതിയ കെട്ടിടം

അടുക്കള - ആധുനിക വത്ക്കരണം

ഡൈനിംഗ് ഹാൾ - നവീകരണം

കുടിവെള്ള വിതരണം മെച്ചപ്പെടുത്തൽ

മാലിന്യസംസ്കരണം

ടോയ്‌ലറ്റ്

- ലബോറട്ടറി - വിപുലീകരണം
- ജന്മദിനത്തിനൊരു പുസ്തകം
- ചിത്ര രചന
- ഭാഷോത്സവം
- വെടിക് വേള.

ഗണിതോത്സവം
നീന്തൽകുളം
സൈക്ലിംഗ് പരിശീലനത്തിന് സൈക്കിളുകൾ

## മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

സാമൂഹികം

പി.ടി.എ ശക്തിപ്പെടുത്തൽ
എസ് എം.സി കാര്യക്ഷമമാക്കൽ
വിദ്യാലയ വികസനസമിതി.
പൂർവ്വ വിദ്യാർത്ഥി സംഘടനയുടെ പ്രവർത്തനം
എസ്.എസ്.ജി.
ഗ്രന്ഥശാലകൾ, ക്ലബ്ബുകൾ, സന്നദ്ധസംഘടനകൾ
പൂർവ്വാധ്യാപകർ, വിദ്യാഭ്യാസ പ്രവർത്തകർ,
സഹകരണ സ്ഥാപനങ്ങൾ, വ്യവസായ ഗ്രൂപ്പുകൾ
എന്നിവയുടെ സേവനം പ്രയോജനപ്പെടുത്തൽ

- ക്ലാസ് പി.ടി.എ മാതൃകാപരമാക്കുന്നതിനുള്ള നടപടികൾ
- വിദ്യാലയ വിഭവങ്ങൾ സമൂഹത്തിനു കൂടി പ്രയോജനപ്പെടുത്തൽ
- റിസോഴ്സ് മാപ്പിംഗ്
- പൊതുസമൂഹത്തിന് അവധി ദിവസങ്ങളിൽ കമ്പ്യൂട്ടർ പരിശീലനം.
- പഠനക്കൂട്ടം
- പ്രാദേശിക പി.ടി.എ.
- ഭവനസന്ദർശനം.

## അക്കാദമികം - നേട്ടങ്ങൾ

ശാസ്ത്രമേള, പ്രവൃത്തിപരിചയമേള, കലാമേള തുടങ്ങിയവയിൽ പങ്കെടുത്ത് മികച്ച വിജയം നേടാൻ ഇവിടുത്തെ കുട്ടികൾക്ക് കഴിഞ്ഞു. വിവിധ മത്സര പരീക്ഷകളിൽ പങ്കെടുക്കുകയും വിജയം കൈവരിക്കുകയും ചെയ്തു. അടിസ്ഥാന ഗണിത ക്രിയകൾ, അക്ഷരങ്ങൾ, ചിഹ്നങ്ങൾ എന്നിവയും ഇംഗ്ലീഷ്, ഹിന്ദി ഭാഷകളിലെ അടിസ്ഥാന അറിവുകളും എല്ലാ കുട്ടികളും നേടി എന്നത് എടുത്തു പറയത്തക്ക നേട്ടമാണ്. 'ഉണർവ്വ്' എന്ന പേരിൽ അധിക സമയം കണ്ടെത്തി നടത്തുന്ന ക്ലാസുകൾ ഇതിന് സഹായിച്ചു. ഇംഗ്ലീഷ് ഭാഷ നന്നായി കൈകാര്യം ചെയ്യുന്നതിന് 'Communicative English' എന്നൊരു പ്രോജക്ട് നടപ്പാക്കി വരുന്നു.

## അക്കാദമികം - പരിമിതികൾ

കലാ-കായിക പ്രവർത്തനങ്ങൾ പരിശീലിപ്പിക്കുന്നതിനായി അധ്യാപകരുടെ അഭാവം നിലനിൽക്കുന്നു. വിവിധ മത്സര പരീക്ഷകളിലെ കുട്ടികളുടെ മികവ് ഇനിയും വർധിക്കേണ്ടതുണ്ട്. ഗ്രന്ഥശാല നവീകരിക്കണം. ക്ലാസ് ലൈബ്രറികൾ കുറച്ചുകൂടി വിപുലമാക്കേണ്ടതുണ്ട്. ലബോറട്ടറികൾ ഇനിയും കൂടുതൽ സൗകര്യത്തോടെ മെച്ചപ്പെടുത്തേണ്ടതുണ്ട്. ആവശ്യത്തിന് Laptop കളും മറ്റ് ICT സൗകര്യങ്ങളും ഒരുക്കേണ്ടതുണ്ട്. Smart class മുറികൾ ഉണ്ടാക്കേണ്ടിയിരിക്കുന്നു.

# നിലവിലെ അവസ്ഥാ വിശകലനം

## ഭൗതികം - നേട്ടങ്ങൾ

ടൈൽ പാകി മനോഹരമാക്കിയ വൃത്തിയുള്ള ക്ലാസ് മുറികളും, 'വിദ്യാലയം ഒരു പാഠപുസ്തകം' എന്ന ആശയത്തിലൂന്നിക്കൊണ്ട് മനോഹരമാക്കിയ ചുവരുകളും എടുത്തു പറയേണ്ട നേട്ടങ്ങളാണ്. വരാന്തയിൽ പാദരക്ഷകൾ സൂക്ഷിക്കുന്നതിനായി പ്രത്യേകം സ്റ്റാന്റുകൾ, കുടിവെള്ളം എത്തിക്കുന്നതിനുള്ള സംവിധാനം എന്നിവ ഓരോ ക്ലാസിനും ഒരുക്കിയിരിക്കുന്നു. കൂടാതെ എസ്. എസ്. എ യുടെ സഹായത്തോടെ നിർമ്മിച്ച വൃത്തിയുള്ള പാചകപ്പുരയും അതിനോടനുബന്ധിച്ച് എല്ലാ കുട്ടികൾക്കും ഇരുന്ന് ഭക്ഷണം കഴിക്കാനുള്ള ഡൈനിങ് ഹാളും ക്രമീകരിച്ചിരിക്കുന്നു. വൃത്തിയും വെടിപ്പുമുള്ള ടോയ്ലറ്റുകളും നാമ്പ് സൗകര്യവുമുണ്ട്. ക്ലാസ് മുറികളിലെല്ലാം ആവശ്യത്തിന് ഫർണിച്ചറുകളും അലമാരകളുമുണ്ട്. മെച്ചപ്പെട്ട സയൻസ്, ഗണിതശാസ്ത്ര, സാമൂഹ്യശാസ്ത്ര ലാബും പുരാവസ്തു മ്യൂസിയവുമുണ്ട്.

## ഭൗതികം - പരിമിതികൾ

ലാബിനും പുരാവസ്തു മ്യൂസിയത്തിനും ആവശ്യമായ സൗകര്യമില്ലാത്തത് ഒരു പ്രധാന പരിമിതിയാണ്. സ്ഥലത്തിന്റെ അഭാവം, ചുറ്റുമതിലുകളുടെ അഭാവം എന്നിവയും സ്കൂൾ നേരിടുന്ന പ്രശ്നങ്ങളാണ്.

വിപുലമായ ഗ്രന്ഥശേഖരം ഉണ്ടെങ്കിലും വായനയ്ക്കായി ഒരു പ്രത്യേക മുറിയുടെ കുറവുണ്ട്. കുട്ടികളുടെ പാർക്ക് വിശാലമാക്കേണ്ടതുണ്ട്. പൊതുവഴിയിൽ താഴ്ചയിൽ വിദ്യാലയം സ്ഥിതിചെയ്യുന്നതിനാൽ അപകട സാധ്യത ഒഴിവാക്കുന്നതിനായി ബാരിയറുകൾ നിർമ്മിക്കേണ്ടതുണ്ട് 'ഗേൾസ് ഫ്രണ്ട്ലി' ടോയ്‌ലറ്റുകളുടെ അഭാവം, കളിയുപകരണങ്ങളുടെ അഭാവം എന്നിവ വിദ്യാലയം നേരിടുന്ന പ്രശ്നങ്ങളിൽപ്പെടുന്നു. ജൈവവൈവിധ്യപാർക്കിന് സ്ഥലപരിമിതി ഒരു പ്രശ്നമാണ്. കൂടുതൽ വൈവിധ്യമാർന്നതും അപൂർവ്വമായതുമായ സസ്യങ്ങളും, ശലഭോദ്യാനം ഔഷധത്തോട്ടം എന്നിവയുടെ പരിപോഷണവും കാര്യക്ഷമമാകുന്നതിന് സ്ഥലപരിമിതി കാരണമാവുന്നു. നിലവിലുള്ള laptop കൾ അപര്യാപ്തമാണ്. സ്കൂളിന് സ്വന്തമായി ഒരു വാഹനം ഇല്ല എന്നത് പരിമിതിയാണ്. പ്രൈമറിക്കായി ക്ലാസ് മുറികളുടെ അഭാവമുണ്ട്.

## മേഖല : സാംസ്കാരികം

## ഉപമേഖല : കലാപഠനം

### ലക്ഷ്യങ്ങൾ

കുട്ടികളുടെ കലാവാസന തിരിച്ചറിഞ്ഞ് പരിപോഷിപ്പിക്കുക.

വിവിധ കലകളെ അറിയുന്നതിനും കുട്ടിയുടെ അഭിരുചിക്കനുസരിച്ച് അവ അഭ്യസിക്കുന്നതിനുമുള്ള അവസരമൊരുക്കുക.

വിവിധ കലകൾ ആസ്വദിക്കുന്നതിനും അവയിലെ സൗന്ദര്യാത്മകത ഉൾക്കൊള്ളുന്നതിനും കുട്ടികളെ പ്രാപ്തരാക്കുക.

സാമൂഹികജീവിതത്തിൽ മാനവികമായ കാഴ്ചപ്പാട് രൂപീകരിക്കുന്നതിന് കലകളെ പ്രയോജനപ്പെടുത്തുക.

സാംസ്കാരിക വൈവിധ്യം തിരിച്ചറിഞ്ഞ് സാംസ്കാരികാവബോധം വളർത്തുന്നതിന് കലയുടെ അന്തർധാരകൾ കൊണ്ട് നവീനങ്ങളായ ചിന്തകളിലേർപ്പെടാനും സാമൂഹിക പ്രവർത്തനങ്ങളിൽ ഏർപ്പെടാനും കുട്ടികളെ പ്രാപ്തരാക്കുക.

കലയെ ഉപയോഗപ്പെടുത്തി മറ്റ് വിഷയങ്ങളുടെ
പഠനം ഫലപ്രദമാക്കുന്നതിന് സഹായിക്കുക.

കലാപഠനത്തിൽ ICT സാധ്യതകൾ പ്രയോജനപ്പെടുത്തുക

ഭിന്നശേഷിക്കാരായ കുട്ടികൾക്കും ബഹുമുഖപ്രതിഭകൾക്കും
ഒരു പോലെ ആസ്വാദ്യകരമായ വേറിട്ട പ്രവർത്തനങ്ങൾ
നൽകുക.

പഠനത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികളെ
പഠനപ്രവർത്തനങ്ങളിൽ തൽപരരാക്കുന്നതിന്
കലാപഠനത്തെ പ്രയോജനപ്പെടുത്തുക.

കുട്ടികളുടെ ആസ്വാദന നിലവാരം ഉയർത്തു-
ന്നതിന്

മേഖല : അക്കാദമികം

ഉപമേഖല : കായികം

ലക്ഷ്യങ്ങൾ

കുട്ടികളുടെ സർവതോന്മുഖമായ വികാസം ഉറപ്പു-
വരുത്തുക

ആരോഗ്യകരമായ ജീവിതശൈലിയും മനോഭാവങ്ങളും
വളർത്തുക

കായിക വികസനഘട്ടങ്ങളെ ശാസ്ത്രീയമായി
പരിപോഷിപ്പിക്കുക.

മറ്റ് വിഷയങ്ങളുടെ പഠനത്തിന് കായികപഠനത്തിന്റെ
സാധ്യതകൾ പ്രയോജനപ്പെടുത്തുക.

ഉചിതമായ രീതിയിൽ ശരീരത്തെ ചലിപ്പിക്കുന്ന-
തിനുള്ള ശേഷികൾ വളർത്തുക.

ഏകാഗ്രത വർധിപ്പിക്കുക.

സമയബോധം വളർത്തുക.

സാമൂഹിക അവബോധം വളർത്തുക.

ശാരീരിക വികാസത്തോടൊപ്പം മാനസിക വികാസ-
ത്തിനും അവസരമൊരുക്കുക

വിജയ പരാജയങ്ങളെ ഒന്നുപോലെ സ്വീകരിക്കുന്ന-
തിന് കുട്ടിയെ പാകപ്പെടുത്തുക.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | ക്ലാസ് | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| …ത്തെ …ടുപ്പിക്കുക | യോഗക്ലാസ് | All classes | Weekly once | കായികാ.പി. | രൂ. 5000 |
| …ളിലെയും …ായ- …ൾ …ൽ …ിക്കൽ- …ിന് …ിലെ …ിപ്പി- …ക്കൽ | കായികമത്സരങ്ങൾ, മറ്റ് വിദ്യാലയവുമായി സൗഹൃദ മത്സരങ്ങൾ, അദ്ധ്യാപകരുമായി ചേർന്ന് കായികമത്സരങ്ങൾ എന്നിവ സംഘടിപ്പിക്കൽ | I to VII | 4 മാസത്തിൽ ഒരിക്കൽ | PTA SMC | 1000 |
| …ബോധം വളർത്തുക | കായിക വിനോദങ്ങൾ, team activities, football, cricket etc.. മത്സരങ്ങൾ സംഘടിപ്പിക്കൽ | All students | ഒഴിവു ദിവസങ്ങളിൽ | SMC ജനപ്രതിനിധികൾ PTA പൊതുജനം | 2000 |

മേഖല : അക്കാദമികം

ഉപമേഖല : പ്രവൃത്തി പരിചയം

## ലക്ഷ്യങ്ങൾ

- വ്യത്യസ്ത തൊഴിലുകളെ കുറിച്ച് അവബോധമുണ്ടാകുക.
- സ്വാശ്രയശീലം വളർത്തുക
- തൊഴിലിന്റെ മഹത്വം ബോധ്യപ്പെടുത്തുക
- തൊഴിൽ സന്നദ്ധത വളർത്തുക
- അദ്ധ്വാനത്തിന്റെ മഹത്വം അനുഭവപ്പെടുത്തുക
- മാനസികോല്ലാസം നൽകുക
- ദേശീയ പുരോഗതി
- ഉൽപാദനരംഗത്തെ സ്വാശ്രയത്വം
- മൂല്യങ്ങളും മനോഭാവങ്ങളും വളർത്തൽ
- വൈകാരിക വികാസം
- വൈജ്ഞാനിക വികാസം
- തൊഴിൽ ചെയ്യുന്നവരെ ആദരിക്കുന്നതിനുള്ള മനോഭാവത്തിലേക്ക് കുട്ടിയെ എത്തിക്കുക.
- കൃഷിയോട് അനുഭാവം ഉണർത്തുക.
- വിവിധ കൈത്തൊഴിലുകൾ നമ്മുടെ സംസ്കാരവുമായി എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു എന്ന് മനസ്സിലാക്കൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | ക്ലാസ് | കാലം | പിന്തുണ | സാമ്പത്തികം |
|---|---|---|---|---|---|
| [illegible]മേഖല | [illegible] | | | | |
| [illegible]മേഖല | പ്രവൃത്തിപരിചയം. | | | | |
| [illegible] തൊഴിൽ- [illegible]കളെക്കുറിച്ച് [illegible] | Field Trip - തൊഴിലിടങ്ങൾ സന്ദർശനം. ICT സാധ്യതകൾ CD- പ്രദർശനം | All Class | ഓണ- ത്തിന് ഒഴി- വിൽ | PTA പൊതു- ജനങ്ങൾ | 1000/- |
| തൊഴിൽ [illegible] | വിവിധ തൊഴിലുകൾ പരിശോധിപ്പിക്കുന്ന- തിനായി പ്രാദേശിക വിദഗ്ധരുടെ ലിസ്റ്റ് തയ്യാറാക്കി പരിശീലന ക്ലാസുകൾ സംഘടി- പ്പിക്കൽ | UP class | അവ- [illegible] | SMC | 2500/- |
| [illegible] [illegible] [illegible] | കുട്ടികൾ നിർമ്മിച്ച സാധനങ്ങളുടെ പ്രദർശനം സംഘടിപ്പിക്കുക | I to VII | വർഷ- ത്തിൽ ഒരിക്കൽ | PTA | — |

# അക്കാദമികം

## പച്ചക്കറിത്തോട്ടം

### അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| കാർഷിക സംസ്കൃതിയെ തൊട്ടറിയൽ | വിദ്യാലയത്തിലെ സൗകര്യപ്രദമായ സ്ഥലത്ത് ആകർഷകമായ വിധത്തിൽ പച്ചക്കറിത്തോട്ടം ഉണ്ടാക്കൽ | വർഷത്തിൽ രണ്ട് പ്രാവശ്യം | എസ്സ്ആർജി<br>SSG | 50,000 |

## ജൈവവൈവിധ്യ പാർക്ക്

### മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| പ്രകൃതിയെ അടുത്തറിയാൻ ബോധവാന്മാരാക്കുക | സ്കൂളിലെ നിലവിലുള്ള ജൈവവൈവിധ്യ പാർക്ക് മെച്ചപ്പെടുത്തൽ | രണ്ട് പ്രാവശ്യം | SRG | 10000 |

## പ്രവർത്തനം : സ്കൂൾ ലൈബ്രറി ശാക്തീകരണം

**മേഖല : അക്കാദമികം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| …വായനയുടെ …ലോകത്തിൽ …കുട്ടികളെ …കൈപിടിച്ച് …ർത്തുക | • ലൈബ്രറി സംവിധാനം ആകർഷകമാക്കൽ | ഒരു മാസം | SRG<br>PTA | 10000 |
| | • ക്ലാസ് ലൈബ്രറി ശക്തിപ്പെടുത്തൽ | | CPTA | 7000 |
| | • ഒരു കുട്ടിക്കൊരു പുസ്തകം പദ്ധതി | | പൂർവ്വ വിദ്യാർഥികൾ | |
| | • അമ്മവായന<br>• വായനക്കൂട്ടം<br>• എഴുത്തുകൂട്ടം | | SRG | |
| | • ഓരോ ക്ലാസിനും ഉപയോഗിക്കുന്ന പുസ്തകങ്ങൾ പട്ടികപ്പെടുത്തൽ | | | |
| | വിഷയബന്ധിതമായി പുസ്തകങ്ങൾ ലഭ്യമാക്കുന്നതിനായി കണ്ണാടിയലമാരകൾ ലഭ്യമാക്കൽ | ഒരു വർഷം | | 35000 |
| | • ലൈബ്രറി ചുമരുകളിൽ എഴുത്തുകാരുടെ ചിത്രങ്ങൾ പതിക്കൽ | | പൂർവ്വ വിദ്യാർഥികൾ | 10000 |

## സാമൂഹികം – അനുബന്ധരേഖ

...ദ്യാലയപ്രവർത്തനങ്ങൾക്ക് പിന്തുണയും സഹായ-...പ്പാകാൻ ഉതകിയ സംവിധാനങ്ങൾ ശക്തിപ്പെടു...ത്തേണ്ടത് വളരെ അനിവാര്യമാണ്. നമ്മുടെ വിദ്യാലയത്തെ ...ന്നിന്റെ കൂടി ജനകീയമാക്കി മാറ്റേണ്ടതുണ്ട്. ഇതിനായി സ്കൂൾ വിദ്യാഭ്യാസത്തിൽ ഇടപെടുന്ന എല്ലാ സംവിധാനങ്ങളെയും ഏകോപിപ്പിക്കേണ്ടത് അനിവാ-ര്യമാണ്. PTA, MPTA, SMC സന്നദ്ധ സംഘടനകൾ, പൊതുജനങ്ങൾ, പൂർവ്വവിദ്യാർത്ഥികൾ, പൂർവ്വ അധ്യാപക കൂട്ടായ്മ, സ്കൂൾ വികസന സമിതി എന്നിവയിലൂടെയൊക്കെ ജനാധിപത്യ രീതിയിലുള്ള പ്രവർത്തനത്തിലൂടെ നാട്ടിൽ ലക്ഷ്യമായ [illegible] കുട്ടികളുടെ ഗുണമേന്മ വിദ്യാ-ഭ്യാസത്തിന് മുതൽക്കൂട്ടാകാൻ സാധിക്കും.

# പ്രത്യേക പരിശീലന പരിപാടികൾ

വിദ്യാലയത്തിലെ എല്ലാ കുട്ടികൾക്കും പഠനത്തിനും വികാസത്തിനും തുല്യ അവസരങ്ങൾ ലഭ്യമാക്കുക എന്നത് നമ്മുടെ ഉത്തരവാദിത്തമാണ്. അതിനായി അവരുടെ കഴിവുകൾ കണ്ടെത്തി ഉയർന്ന തലത്തിലേക്ക് എത്തിക്കുകയും അവരുടെ പരിമിതികളെ മറികടക്കാനുള്ള കൈത്താങ്ങ് നൽകുകയും ചെയ്യുക എന്നത് ഏറെ അത്യാവശ്യമാണ്. പഠനശേഷിയുള്ള കുട്ടികൾക്കും പ്രത്യേക പരിഗണന അർഹിക്കുന്നവർക്കും ചിലപ്പോഴെങ്കിലും എല്ലാ പാഠഭാഗങ്ങളും കൈവരിക്കുന്നതിന് സ്കൂൾ പ്രവർത്തനങ്ങൾ പര്യാപ്തമാകാതെ വരുന്നു. പ്രത്യേക പരിശീലന പരിപാടികൾ സംഘടിപ്പിക്കുക വഴി ഈ പോരായ്മകളെ ഒരു പരിധി വരെ മറികടക്കാൻ സാധിക്കും എന്ന ചിന്തയിൽ നിന്നാണ് നമ്മുടെ വിദ്യാലയത്തിൽ ഉണർ 'ശ്രമക്കൂട്ട്' എന്ന പേരിൽ എല്ലാ പ്രവൃത്തിദിനങ്ങളിലും വൈകുന്നേരം 4 മുതൽ 5 വരെ പിന്നാക്കം നിൽക്കുന്നവർക്കായി ഒരു പ്രത്യേക പരിശീലന പരിപാടി നടത്തിവരുന്നത്. കുട്ടികളുടെ ഭാഷാശേഷി, ആശയവിനിമയ ശേഷി, ഗണിതശേഷി എന്നിവ വളർത്തിയെടുക്കുന്നതിന് ഈ ക്ലാസ് ഏറെ പ്രയോജനകരമായി കാണുന്നു.

ിതാക്കളുടെയും സമൂഹത്തിൽ വൈദഗ്ധ്യം
ിയവരുടെയും സഹായത്തോടെ കുട്ടികൾക്ക് പ്രവൃത്തി
ിചയ പരിശീലനം തൊഴിൽ പരിശീലനം ഇവ
ൽകുന്നതിനുള്ള ഒരു നൂതന പദ്ധതി ആസൂത്രണം
ചെയ്തുവരുന്നു.

രീരിക മാനസിക വെല്ലുവിളികൾ നേരിടാൻ കുട്ടികളെ
പ്തരാക്കുന്നതിനായി യോഗക്ലാസ്സുകൾ, വ്യക്തിത്വ
കസന ക്ലാസ്സുകൾ കൗൺസിലിംഗ് , ബോധവൽക്കരണ
ക്ലാസ്സുകൾ എന്നിവയും ആസൂത്രണം ചെയ്തുവരുന്നു.

# അക്കാദമിക മാസ്റ്റർ പ്ലാൻ- അടിസ്ഥാന ശാസ്ത്രം

## ആമുഖം

തന്റെ ചുറ്റുമുള്ള ലോകത്തെക്കുറിച്ച് ആഹ്ലാദപൂർവ്വം അന്വേഷിക്കാനും അറിയാൻ ഇണങ്ങിച്ചേരാനും സഹായകമായ അനുഭവങ്ങളാണ് പരിസരപഠനത്തിലൂടെ പ്രൈമറി ക്ലാസിലെ കുട്ടിക്ക് ലഭ്യമാകുന്നത്. പ്രൈമറി തലത്തിൽ നിന്നും അപ്പർ പ്രൈമറി തലത്തിലെത്തുമ്പോൾ പരിസര പഠനത്തിൽ നിന്നും അടിസ്ഥാനശാസ്ത്രത്തിന്റെ സവിശേഷമായ മേഖലയിലേക്ക് കുട്ടി കടക്കുകയാണ്.

പരിചിതമായ അനുഭവങ്ങളിലൂടെയും, പരീക്ഷണ നിരീക്ഷണ പ്രവർത്തനങ്ങളിലൂടെയും. ശാസ്ത്ര വസ്തുതകൾ കുട്ടി മനസ്സിലാക്കുന്നു. കുട്ടികളിൽ അന്വേഷണാത്മക പഠനം പ്രോത്സാഹിപ്പിച്ചുകൊണ്ട് ശാസ്ത്ര അവബോധം വളർത്തുന്നു; ശാസ്ത്രീയ രീതി അഭ്യസിപ്പിക്കുന്നു.

ശാസ്ത്ര സാങ്കേതിക പുരോഗതിക്ക് അനുസരിച്ച് അനുഗുണമായ മാറ്റങ്ങൾ കുട്ടികളിലും ഉണ്ടാവണം. ദൈനംദിന ജീവിതവുമായി ശാസ്ത്രപഠനത്തെ ബന്ധപ്പെടുത്തി ജീവജാലങ്ങളുടെ നന്മക്കായി പ്രവർത്തിക്കുവാൻ കുട്ടികളെ പ്രാപ്തരാക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്.

# SCIENCE

| Sl No | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1. | കൗതുകം, ജിജ്ഞാസ, നിരീക്ഷണ പാടവം എന്നിവ പരിപോഷിപ്പിക്കുക. | ശാസ്ത്ര പരീക്ഷണങ്ങൾ, ശാസ്ത്ര ക്ലബ്ബ് ശാസ്ത്ര കഥകൾ ഫീൽഡ് ട്രിപ്പ് | 10 മാസം | ശാസ്ത്ര ലാബ്, ശാസ്ത്ര പുസ്തകങ്ങൾ | ശാസ്ത്ര അധ്യാപകർ, PTA |
| 2. | ചുറ്റുപാടുകളെ ശാസ്ത്രീയ മായി വ്യാഖ്യാനിക്കാൻ കഴിയുക. | പ്രകൃതി നടത്തം, ശാസ്ത്ര മാസിക വർക്ക് ഷീറ്റുകൾ | 8 മാസം | ചാർട്ട്, ചിത്രങ്ങൾ | ലൈബ്രറി, SRG, PTA |
| 3. | ശാസ്ത്രത്തിന്റെ രീതി സ്വായത്ത മാക്കുകയും പ്രയോഗിക്കുകയും ചെയ്യുക. | പരീക്ഷണങ്ങൾ, നിരീക്ഷണം നിഗമനത്തിൽ എത്തിച്ചേരൽ, പുതിയ സന്ദർഭങ്ങളിൽ പ്രയോഗിക്കൽ | 10 മാസം | ശാസ്ത്ര ലാബ്, ചാർട്ട് | അധ്യാപകർ, PTA BRC |
| 4. | നിരന്തര മായി നിരീക്ഷണം നടത്തുകയും ലഭ്യ വിവരങ്ങൾ വിശകലനം ചെയ്ത് നിഗമനത്തിൽ എത്തിച്ചേരുകയും ചെയ്യുക. | പ്രോജക്ട്, ശാസ്ത്ര ക്ലബ്ബ്, ശാസ്ത്ര മാസിക, വർക്ക് ഷീറ്റ്, പരീക്ഷണങ്ങൾ, പതിപ്പുകൾ | 10 മാസം | ചിത്രങ്ങൾ, ചാർട്ടുകൾ | PTA SRG BRC |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | പിന്തുണ |
|---|---|---|---|---|
| 5. പ്രകൃതി പ്രതിഭാസങ്ങളെ വിശകലനം ചെയ്യുക. | സൂര്യഗ്രഹണം, ചന്ദ്രഗ്രഹണം നിരീക്ഷിക്കൽ | 1 വർഷം | പ്രൊജക്ടർ ശാസ്ത്ര ലാബ് | PTA SRG |
| 6. അന്ധവിശ്വാസങ്ങളും അനാചാരങ്ങളും ഇല്ലാതാക്കുക. | പ്രകൃതി പ്രതിഭാസങ്ങളുടെ ശാസ്ത്രീയത ബോധ്യപ്പെടുത്തുന്നു. ചർച്ചകൾ, സംവാദം | മൂന്ന് മാസം | ചിത്രങ്ങൾ, ചാർട്ടുകൾ | BRC, PTA SRG. |
| 7. ശാസ്ത്രീയ വീക്ഷണം രൂപപ്പെടുത്തുക. | പ്രശ്നങ്ങളെ ശാസ്ത്രീയമായി വിലയിരുത്താൻ പരിശീലിപ്പിക്കുന്നു. | 1 വർഷം | ശാസ്ത്ര ലാബ്, ശാസ്ത്ര മാസിക. | അധ്യാപകർ, BRC. |
| 8. പ്രകൃതിയിലുള്ള മനുഷ്യന്റെ ഇടപെടലുകൾ വിവേകപൂർവ്വമാക്കുക. | പരിസരമലിനീകരണത്തിനെതിരെ സ്വയം ബോധവാന്മാരാക്കാനുള്ള റാലികൾ ചർച്ച, സംവാദം. | 4 മാസം | പ്ലക്കാർഡ് പോസ്റ്റർ ബാനറുകൾ | PTA, SRG |
| 9. വ്യക്തിശുചിത്വവും സാമൂഹികശുചിത്വവും പാലിച്ചുകൊണ്ട് ശാരീരിക മാനസിക സാമൂഹിക ആരോഗ്യം കൈവരിക്കാൻ സഹായിക്കുക | ശുചിത്വ ബോധവൽക്കരണ ക്ലാസുകൾ | 1 വർഷം | ചിത്രങ്ങൾ ചാർട്ടുകൾ | SRG. Health nurse, PTA |

അക്കാദമിക മാസ്റ്റർ പ്ലാൻ English UP

| Sl No | Aim | Activity | Duration | material needed | Helping |
|---|---|---|---|---|---|
| 1 | Understand simple English | * Story Reading<br>* Story presentations<br>* Constructing dialogues<br>* Reading news paper<br>* Listening various programms<br>* Listening teacher talks | 3 months | Books<br>news paper<br>ICT<br>TV | Parents,<br>Library<br>Eng. Club |
| 2 | To encourage Public Speaking | * Presentations in school assembly * Active participation in language enriching programmes,<br>* English fest,<br>* Interviews with experts<br>* Creating an english atmosphere in school Campus | Through out the year | Audios<br>Videos<br>ICT<br>Programmes<br>Books | PTA<br>BRC<br>Eng. Club |
| 3 | To perform Presentations like skits & Chereography story presentation Come stills etc. | * News reading<br>* Acting practices<br>* Skript writing<br>* English fest<br>* School Anniversary<br>* Presentations of class room activities at the time of "Surgavela"<br>* Corner PTA<br>* Road shows<br>* Drama Camp | 6 month | Books<br>ICT<br>Models of presentation | PTA<br>BRC<br>subject counsil<br>Artists<br>[illegible] |

| | | | Duration | Mat |
|---|---|---|---|---|
| 4. | To enjoy literal works. | Reads, comprehends, and analysis various literary works (including novels, short stories, poems etc) Collect poems with internal rhymes. | 4 months | Boo ICT |
| 5. | To participate in language games to develop language skills | * language games. * Hello English Activities | 2 months | ICT Hello Engl Journal Books |
| 6 | To express thoughts and feelings | * Communicative English activities. * Involve in different language and vocabulary activities. | 2 months | Books. Work Sheets. |
| 7 | To describe a picture a person or Sketch a Character | * Reads and writes descriptions and Character sketch. | 3 months | Books work sheets ICT |
| 8. | To write a profile | * Completing graphic organize * Familiarising profiles * Read and write profiles | 1 month | Models work sheets ICT |

| ...rial | Aims | Activity | Duration | Materials | — |
|---|---|---|---|---|---|
| ...y Sch lib | To participate actively in discussions and express their views | • Participation in various programmes<br>• Conducting seminars and discussions<br>• camps. | 4 months | Audios<br>Videos<br>ICT | BRC<br>PTA |
| Libra... Subject counsil ... library ...ject ...on | To know various language elements like adjectives prepositions, nouns, pronouns if, as if, Tenses etc. | • Engage in vocabulary and various language activities<br>• Arrange English time<br>• Paragraph writing | 6 months | Books<br>work sheets<br>games<br>Hello English journal | Teachers<br>~~BRC~~<br>Subject council |
| ...er 11. | To prepare various discourses like notices, posters, invitation letter, greeting cards etc. | language work shops.<br>language lab activities | 5 months | Models<br>Books | Teachers<br>language experts. |



Manjima I P-R
GUPS Chempilavu

## അക്കാദമിക മാസ്റ്റർ പ്ലാൻ: ഗണിതം UP.

| Sl No | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലപരിധി | ഭൗതിക | പിന്തുണ |
| --- | --- | --- | --- | --- | --- |
| 1. | ഗണിതപഠനം രസകരമാക്കൽ | ഗണിതത്തോട് ഇഷ്ടംചേരാൻ [illegible], [illegible] ചിത്ര കാർഡുകൾ സങ്കലന വ്യവകലന കാർഡുകൾ, ഗെയിം ബോർഡുകൾ ഡൈസുകൾ ഇവ ഉപയോഗിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾ | 2 മാസം | സംഖ്യാ കാർഡുകൾ, ഗെയിം ബോർഡ് ഡൈസ് [illegible], | PTA. BRC |
| 2 | ജ്യാമിതീയ ഉപകരണങ്ങൾ [illegible] തിരിച്ചറിയൽ | ജ്യാമിതീയ രൂപങ്ങൾ വരയ്ക്കൽ ജ്യാമിതീയ ഉപകരണങ്ങൾ പരിചയപ്പെടുത്തൽ കമ്പ്യൂട്ടർ ഉപയോഗിച്ച് ഗണിത ഉപകരണങ്ങൾ പരിചയപ്പെടുത്തൽ. | 6 മാസം | ICT, ജ്യാമിതി ബോക്സ്, ചാർട്ട്, | രക്ഷിതാക്കൾ PTA |
| 3 | ചതുഷ്ക്രിയകൾ ഉറപ്പിക്കൽ | സ്ഥാനവില പോക്കറ്റ് നിർമാണം, വർക്ക്ഷീറ്റുകൾ നിർമാണം, സങ്കലന ഗുണനപ്പട്ടികകൾ പ്രദർശനം, [illegible], ഗണിത ക്വിസ്, സംഖ്യാകാർഡുകൾ തമ്മിൽ കൂട്ടി സങ്കലനം ഉറപ്പാക്കൽ, ഗണിത കളികൾ | 4 മാസം | ഗണിത ~~[illegible]~~ worksheet, സംഖ്യകൾ Cards | ഗണിത subject council, PTA ലൈബ്രറി |
| 4. | പ്രശ്നപരിഹാരശേഷി വർധിപ്പിക്കൽ | puzzle നിർമാണം, ഗണിതകളികൾ കടയിൽനിന്ന് സാധനങ്ങൾ വാങ്ങി ക്രിയകൾ മനക്കണക്കായി ചെയ്യാനുള്ള പരിശീലനം, ശില്പശാല worksheet നിർമാണം ഗണിത [illegible] പ്രവർത്തനങ്ങൾ | 3 മാസം | Books, worksheets, വസ്തുക്കൾ ചിത്രങ്ങൾ | Subject council SRG |

| Sl. No | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 5. | ദൃശ്യങ്ങളോടും നൃത്തങ്ങളോടും കൂടി കാര്യങ്ങൾ ചെയ്യുന്നതിന് കുട്ടിയെ പ്രാപ്തനാക്കൽ | ജ്യാമിതീയ രൂപങ്ങൾ നിർമ്മാണം, ജ്യാമിതീയ ചിത്രങ്ങൾ വരക്കൽ, ചതുഷ്ക്രിയകൾ ഉൾപ്പെട്ട പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കൽ, സംഖ്യാ ചാർട്ടുകൾ, card, സംഖ്യാ സ്ട്രിപ്പുകൾ, work sheet തുടങ്ങിയവ നിർമ്മാണം. | 10 മാസം. | work sheets, സംഖ്യ, കാർഡുകൾ, സ്ട്രിപ്പുകൾ, വിവിധ ജ്യാമിതീയ രൂപങ്ങൾ, ചിത്രങ്ങൾ | Subject Counsil, SRG, PTA |
| 6 | ICT സാധ്യതകൾ പരമാവധി ഉപയോഗിച്ച് ഗണിത പഠനം ലളിതമാക്കണമെന്ന് കുട്ടിയെ ബോധ്യപ്പെടുത്തൽ. | ജിയോജിബ്ര പരിശീലനം, ഗണിത കളികൾ, കമ്പ്യൂട്ടർ ഉപയോഗിച്ച് ഗണിത രൂപങ്ങൾ പരിചയപ്പെടൽ, ചിത്രം വരക്കൽ, ഗണിത പാറ്റേണുകൾ വരക്കൽ | 3 മാസം | IT ലാബ്, ഗണിതലാബ് | ഗണിത അധ്യാപകർ, BRC, PSITC |
| 7 | വസ്തുക്കളുടെ ഗണിതപരമായ ഉൾപ്പെടുത്തി അവലംബി-ക്കാതെ വ്യാഖ്യാനി-ക്കാനുള്ള കഴിവ് വളർത്തൽ | ഗണിത ക്വിസ്സ്, ശില്പശാല, ഗണിത കഥകൾ, ഗണിത പാട്ടുകൾ, worksheets, ഇണക്കിയ കളികൾ | 6 മാസം. | Books, Charts, Worksheets. | BRC, PTA, Subject Counsil. |
| 8. | വിനോദ പ്രവർത്തനങ്ങൾക്ക് അവസരം നൽകൽ | ഗണിത മാജിക് തന്ത്രങ്ങൾ, ഗണിത ചിത്രങ്ങൾ വരക്കൽ, puzzles | 1 മാസം | ചിത്രങ്ങൾ, Books | ലൈബ്രറി, ഗണിത അധ്യാപകർ |

| Sl No: | ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | സാമഗ്രികൾ | ചുമതല. |
|---|---|---|---|---|---|
| 9 | ദിനസംഖ്യകൾ ഉപയോഗിച്ചുള്ള വ്യത്യസ്ത ക്രിയകൾ ചെയ്യാൻ | വർക്ക്ഷീറ്റ് നിർമ്മാണം, ദിനസംഖ്യാ കാർഡുകൾ, ദിനസംഖ്യകൾ ഉപയോഗിച്ചുള്ള ഗണിത കേളികൾ, പ്രായോഗിക പ്രശ്നങ്ങൾ | 2 മാസം | കാർഡുകൾ വസ്തുക്കൾ ചിത്രങ്ങൾ | Subject Counsil |
| 10 | ലാഭം നഷ്ടം ശതമാനം എന്നിവ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നു | • field trip (to shops) • പ്രായോഗിക പ്രശ്നങ്ങൾ • work sheets • ഗണിത കളികൾ | 1 മാസം | നോട്ടുകൾ worksheet | PTA അധ്യാപകർ. |
| 11. | അംശബന്ധം എന്നിവ ആവശ്യമായ സന്ദർഭങ്ങളിൽ അളവുകൾ താരതമ്യം ചെയ്യൽ | • അംശബന്ധം അനുപാതം • ചേരുവകളുടെ അംശബന്ധം • പ്രായോഗിക പ്രശ്നങ്ങൾ • മനക്കണക്കുകൾ work sheet | 1 മാസം | വസ്തുക്കൾ ചിത്രങ്ങൾ work sheets | ഗണിത അധ്യാപകർ Subject counsil |
| 12 | ദശാംശങ്ങൾ ഉൾപ്പെട്ട സന്ദർഭങ്ങൾ ഉപയോഗിച്ച് വർഗ്ഗ സംഖ്യകൾ തിരിച്ചറിയുന്നു. | • Worksheets • പ്രായോഗിക പ്രശ്നങ്ങൾ • ഗണിത കളികൾ • സംഖ്യാ വ്യാഖ്യാനം • – ചിത്രം ചേർത്ത് രേഖപ്പെടുത്തൽ. | 1 മാസം | | |
| 13 | ദൂരം, സമയം വേഗത എന്നിവ ബന്ധപ്പെടുത്തി | • പ്രായോഗിക പ്രശ്നങ്ങൾ • ശരാശരി വേഗത കണ്ടെത്തൽ • വിവിധ യൂണിറ്റുകൾ (work sheet) | 1 മാസം | work sheet T.B. | Subject Counsil. teacher |
| 14 | വിസ്തീർണ്ണത്തിന്റെ സഹായത്താൽ സമവാക്യങ്ങൾ | • സമവാക്യങ്ങൾ ഉൾപ്പെട്ട വിവിധ പ്രശ്നങ്ങൾ | 1 മാസം. | ചാർട്ട് worksheet | Teachers |

# അക്കാദമിക മാസ്റ്റർപ്ലാൻ - സോഷ്യൽ സയൻസ്

## പൊതുലക്ഷ്യങ്ങൾ:

1. സാമൂഹ്യശാസ്ത്ര വിഷയം കൂടുതൽ ശാസ്ത്രീയമാക്കുക
2. എല്ലാ പഠനനേട്ടങ്ങളും എല്ലാ കുട്ടികളും ആർജ്ജിക്കുക
3. സാമൂഹ്യചിന്ത, സാമൂഹ്യബോധം, സാമൂഹ്യശാസ്ത്ര വിശകലന ശേഷി, enquiry skill എന്നിവ എല്ലാ കുട്ടികളും ആർജ്ജിക്കുക
4. പഠനം കൂടുതൽ നവീകൃതമാക്കുക.
5. സാമൂഹ്യശാസ്ത്ര പഠനശേഷി വികസിപ്പിക്കുക
6. പൊതുവിജ്ഞാനത്തിൽ ഊന്നൽ നൽകുന്നു.
7. പ്രാദേശിക ചരിത്രാവബോധം വളർത്തുക
8. ക്ലബ്ബ് പ്രവർത്തനങ്ങളിലൂടെ സാമൂഹിക അവബോധം വളർത്തുന്നു.

## സാമൂഹ്യശാസ്ത്രപഠനം - പ്രശ്നങ്ങൾ

### അക്കാദമികം

- എല്ലാ കുട്ടികൾക്കും പാഠ്യപദ്ധതി നിർദ്ദേശിച്ച ശേഷികൾ, ധാരണ നേടാൻ കഴിയുന്നില്ല.
- എല്ലാ കുട്ടികളെയും പരിഗണിച്ച് വിഭിന്നതല പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിനും നടപ്പാക്കുന്നതിനും സാധിക്കുന്നില്ല.
- വൈവിധ്യമാർന്ന പഠനതന്ത്രങ്ങൾ, സങ്കേതങ്ങൾ എന്നിവ പ്രയോജനപ്പെടുത്തുന്നതിന് പ്രായോഗിക ബുദ്ധിമുട്ട്.

### ഭൗതികം

- ഐ.സി.ടി അധിഷ്ഠിത പഠനത്തിന് പാഠഭാഗങ്ങൾ ക്രമീകരിക്കുന്നതിന് എപ്പോഴും സാധിക്കുന്നില്ല.

### സാമൂഹികം

- പ്രാദേശിക വിവരശേഖരണത്തിനോ പ്രാദേശിക വിഭവങ്ങൾ പ്രയോജനപ്പെടുത്തുന്നതിനോ സാധിക്കുന്നില്ല.

| പ്രവർത്തന പദ്ധതി വിശദീകരണം/ലക്ഷ്യം | കാലയളവ് | ചെലവ് | ചുമതല |
| --- | --- | --- | --- |
| • സോഷ്യൽ ക്ലബ് കൗൺസിലിൽ ഉൾപ്പെടേണ്ട കുട്ടികളുടെ പഠനാനുഭവങ്ങൾ ഉൾപ്പെടുത്തുന്നു. | ജൂൺ. | - | SS സോഷ്യൽ കൗൺസിൽ ചുമതലയുള്ള അദ്ധ്യാപകർ |
| • SS club രൂപീകരണം | ജൂൺ ആദ്യ ആഴ്ച | - | " |
| • ഓരോ ക്ലാസ്സിലെയും (5,6,7) പ്രവർത്തന പാക്കേജ് തയ്യാറാക്കൽ | ജൂൺ ആദ്യ വാരം | - | " |
| • ICT സാധ്യതകളോടു കൂടിയ SS Lab ഒരുക്കുന്നതിന് വിദ്യാലയ വികസന സമിതിയിൽ അവതരിപ്പിക്കുന്നു. | ജൂൺ രണ്ടാം വാരം | - | " |
| • സാമൂഹ്യശാസ്ത്ര വിഭവശേഖരണ തയ്യാറെടുപ്പ്. ലാബ് നിർമ്മിക്കൽ | ജൂൺ മുതൽ ഡിസംബർ വരെ | 50000/- (sponsor) | അദ്ധ്യാപകർ SS Club Cordinator |
| • പ്രാദേശിക ചരിത്രം തയ്യാറാക്കൽ | ജൂലൈ ആദ്യ വാരം മുതൽ (ഓരോ മാസവും) | 3000 | " |
| • ICT class - Tryout ICT സാധ്യതയുപയോഗിച്ച് സാമൂഹ്യശാസ്ത്ര പഠനം. | ജൂലൈ മുതൽ | - | " |
| • Field trip - പ്രകൃതി രമണീയമായ സ്ഥലങ്ങൾ സന്ദർശിക്കൽ | ഡിസംബർ | 10,000 | SS Club Cordinator |
| • ഷോർട്ട് ഫിലിം, CD എന്നിവയുടെ പ്രദർശനം (ചരിത്രപ്രാധാന്യമുള്ള സ്ഥലങ്ങൾ, പ്രകൃതിദുരന്ത പ്രദേശം എന്നിവ) | ജനുവരി - മാർച്ച് | - | " |

| | | | |
|---|---|---|---|
| • ചിത്രപ്രദർശനം / ചിത്രഗ്യാലറി<br>കേരളോത്സവങ്ങൾ, മറ്റ് മതവിഭാഗങ്ങളുടെയും ചിത്രപ്രദർശനം. സ്കിറ്റ്, കുട്ടികളുടെ രചന, ചരിത്രകാരന്മാരുടെ ചിത്രങ്ങൾ, മഹദ്വചനങ്ങൾ എന്നിവ ഉൾപ്പെടുന്നു. | നവംബർ | 5000 | SS club Cordinator |
| • ഡോക്യുമെന്ററി പ്രദർശനം<br>സാമൂഹിക ചരിത്രകാരന്മാരുടെ ജീവിതവുമായി ബന്ധപ്പെട്ട ഡോക്യുമെന്ററി പ്രദർശനം. | നവംബർ | - | " |
| • ക്ലാസ് ലൈബ്രറി - വായനശാല സഹകരണ പങ്കാളിത്തത്തോടെ - സ്വാതന്ത്ര്യസമരവുമായി ബന്ധപ്പെട്ട പുസ്തകങ്ങളുടെ ശേഖരണം, ജന്മദിനത്തിൽ സ്വാതന്ത്ര്യ പുസ്തകങ്ങൾ, ഭൂപടങ്ങൾ എന്നിവ നൽകൽ തുടങ്ങിയവ | ഒക്ടോബർ മാസം മുതൽ | - | " |
| • ഭിന്നശേഷിക്കാരെ പരിഗണിക്കൽ<br>• സാമൂഹിക ശാസ്ത്ര ക്ലബ്ബിൽ മെറ്റീരിയലുകളുടെ ലിസ്റ്റ് തയ്യാറാക്കൽ. അവയവങ്ങൾ ചിത്രങ്ങളിലൂടെയും മോഡലുകളിലൂടെയും ബ്രെയിലിൽ പെടുത്തൽ, ICT സാധ്യത ഉപയോഗിച്ച് പഠനം അനായാസമാക്കൽ | സെപ്റ്റംബർ | 5000 | " |
| • ലഹരി, മയക്കുമരുന്ന്, റോഡ് സുരക്ഷ - മറ്റ് സാമൂഹിക പ്രശ്നങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട് റോഡ് ഷോ, സ്കിറ്റ് തുടങ്ങിയവ അവതരിപ്പിക്കൽ | നവംബർ | 10000 | " |

| | | | |
|---|---|---|---|
| • ഭൂപട വായന. കേരളത്തിലെ [illegible] ജില്ലകൾ. ഇന്ത്യയിലെ സംസ്ഥാനങ്ങൾ, കേന്ദ്രഭരണ പ്രദേശങ്ങൾ എന്നിവ കുട്ടികൾക്ക് വ്യക്തമായി മനസ്സിലാക്കുന്നതിന്. [illegible] <br>• ക്വിസ്. മത്സരങ്ങൾ Current affairs ശേഖരണം മുതലായവ | നവംബർ <br> എല്ലാ മാസവും | 5000 | SS club Cordinator |
| | | | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ - ഹിന്ദി

(i) ഹിന്ദി വായന.

ലക്ഷ്യം - UP തലത്തിലെ മുഴുവൻ വിദ്യാർത്ഥികൾക്കും ഹിന്ദി വാക്യങ്ങൾ വായിക്കാൻ സാധിക്കണം.

പ്രവർത്തനങ്ങൾ-

ഹിന്ദി ഗ്രന്ഥശാല ഒരുക്കൽ, വലിയ അക്ഷരങ്ങളോടു കൂടിയതും, വർണ്ണചിത്രങ്ങൾ നിറഞ്ഞതുമായ ഹിന്ദി കഥാപുസ്തകങ്ങൾ, ചിത്രകഥകൾ, ബാലമാസികകൾ മുതലായവ ഗ്രന്ഥശാലയിൽ ലഭ്യമാക്കുക.

വായനാ കാർഡുകൾ തയ്യാറാക്കൽ-

ഹിന്ദി അക്ഷരങ്ങൾ തിരിച്ചറിയാൻ കുട്ടികളെ പ്രാപ്തരാക്കുന്ന വായനാ കാർഡുകൾ തയ്യാറാക്കുക. ഇവയിൽ പഴങ്ങൾ, പച്ചക്കറികൾ, പക്ഷിമൃഗാദികൾ, വൃക്ഷങ്ങൾ എന്നിവയുടെ ചിത്രങ്ങളും പേരുകളും ചേർക്കുക.

ഹിന്ദി അക്കങ്ങൾ, ദിവസങ്ങൾ, മാസങ്ങൾ, പേരിലുള്ള എന്നിവ സ്ഥിരമായി വായിക്കുന്നതിനായി പ്രത്യേകം തയ്യാറാക്കുക.

(ii) ഹിന്ദി എഴുത്ത്.

പ്രവർത്തനങ്ങൾ-

കോപ്പി ബുക്ക് - അധിക വായന നടത്തുന്ന വിദ്യാർത്ഥികൾ പുസ്തകങ്ങളിൽ നിന്നുള്ള ഭാഗങ്ങൾ ബുക്കിൽ എഴുതണം. ബാലഗീതങ്ങൾ, കവിതകൾ എന്നിവ

ശേഖരിക്കുന്നതിനും കോപ്പി ബുക്ക് ഉപയോഗിക്കും.

(iii) ഹിന്ദി [illegible].

പ്രവർത്തനങ്ങൾ.

വിദ്യാർത്ഥികൾക്ക് അവതരണരംഗത്ത് ശോഭിക്കുന്നതിനായി അവസരമൊരുക്കും. അവതരിപ്പിക്കുന്നതിനായി വിദ്യാലയത്തിലെ മുഴുവൻ വിദ്യാർത്ഥികളും, അധ്യാപകരും സന്നിഹിതരായിരിക്കുന്ന വേദി ഒരുക്കും. മുഴുവൻ വിദ്യാർത്ഥികളെയും പങ്കെടുപ്പിക്കാൻ ശ്രമിക്കും.

(IV) ഹിന്ദി അസംബ്ലി.

പ്രവർത്തനങ്ങൾ.

അസംബ്ലി നടത്തേണ്ട ചുമതല നിശ്ചിത ക്ലാസ്സുകൾക്കായിരിക്കും. ആഴ്ചയിലൊരിക്കൽ ഹിന്ദി അസംബ്ലി നടത്തും. പ്രാർത്ഥന, പ്രതിജ്ഞ, വാർത്താ വായന ഇടങ്ങിയവയെല്ലാം ഹിന്ദി മാധ്യമത്തിലായിരിക്കും.

(V) ഹിന്ദി മത്സരങ്ങൾ.

പ്രവർത്തനങ്ങൾ.

ഹിന്ദിയിൽ പാടാനും, പറയാനും, എഴുതാനും കഴിവ് പുലർത്തുന്ന വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിക്കുന്നതിനായി മത്സരങ്ങൾ നടത്തും. കഥാപൂരണം, കവിതാ രചന, പ്രസംഗം, കവിതാ പാരായണം, കവിതാരചന ഇടങ്ങിയ മത്സരങ്ങൾ നടത്തും.

(vi) ദിനാചരണങ്ങൾ.

പ്രവർത്തനങ്ങൾ.

പരിസ്ഥിതി ദിനം, വായന ദിനം, ഹിന്ദി ദിനം എന്നിങ്ങനെ പ്രാധാന്യമുള്ള ദിവസങ്ങളിൽ ഹിന്ദി ഭാഷയിൽ പോസ്റ്റർ തയ്യാറാക്കി പ്രദർശിപ്പിക്കും. വിദ്യാർത്ഥികൾക്കായി നടത്തുന്ന പ്രവർത്തനങ്ങളിൽ ഹിന്ദിയുടെ സാന്നിധ്യം ഉറപ്പു വരുത്തും.

(vii) ഹിന്ദി ക്ലബ്ബ്

പ്രവർത്തനങ്ങൾ.

വിദ്യാലയത്തിലെ ഹിന്ദി ഭാഷാ പ്രവർത്തനങ്ങൾ സുഗമമായി നടത്തുന്നതിന് വിദ്യാർത്ഥികളുടെ കൂട്ടായ്മയായി ഹിന്ദി ക്ലബ്ബ് രൂപീകരിക്കും. ഇതിലെ പ്രവർത്തനങ്ങൾ കുട്ടികളുടെ മേൽനോട്ടത്തിൽതന്നെ ചുമതലാ വിഭജനം നടത്തും.

(viii) വിവര സാങ്കേതിക വിദ്യ.

പ്രവർത്തനങ്ങൾ.

ഹിന്ദി പഠനത്തിന് സഹായകരമായി ലഭിക്കുന്ന വിവിധ ദൃശ്യ, ശ്രവ്യ സാമഗ്രികൾ വിദ്യാർത്ഥികളിൽ എത്തിക്കുന്നതിനായി വിവരസാങ്കേതിക വിദ്യ വിനിയോഗിക്കുകയും, ഹിന്ദി ടൈപ്പിംഗിന്റെ പ്രാഥമിക പാഠങ്ങൾ വിദ്യാർത്ഥികളിൽ എത്തിക്കുകയും ചെയ്യും.

# അക്കാദമിക മാസ്റ്റർ പ്ലാൻ - മലയാളം (UP)

| പഠനനേട്ടം | പ്രവർത്തനങ്ങൾ | വിശദീകരണം | കാലയളവ്. |
| --- | --- | --- | --- |
| അക്ഷരസ്ഫുടതയോടെയും ഒഴുക്കോടെയും ഉള്ള വായന, അക്ഷരത്തെറ്റില്ലാത്തെഴുത്ത്. | വായിക്കാം, എഴുതാം വായിക്കാം. | • കുട്ടികൾക്കുമുമ്പിൽ ഒഴുക്കോടെയുള്ള ഉച്ചത്തിൽ വായന.<br>• നിശബ്ദ വായന.<br>• വായനകാർഡ് നോക്കി നോട്ട്ബുക്കിൽ എഴുതൽ<br>• നിശ്ശബ്ദവായന;<br>• തെറ്റുതിരുത്തിവായന. | 2 ആഴ്ച. |
| തുടർപ്രവർത്തനം. | വായന, എഴുത്ത്. ആശയം പറയാം. തുടർപ്രവർത്തനം. | • വായനക്കാർഡ്/പുസ്തകങ്ങൾ നൽകുന്നു<br>• രക്ഷിതാവിനെ വായിച്ചുകേൾപ്പിക്കുന്നു.<br>• ഓഡിയോ/വീഡിയോ ഗ്രൂപ്പിൽ അയക്കുന്നു.<br>• ആശയം രക്ഷിതാവിന് പറഞ്ഞുകൊടുക്കുന്നു. | ജൂൺ. |

| | | | |
|---|---|---|---|
| | വ്യക്തമായും തെറ്റില്ലാതെയും എഴുതാം. | ചെറിയ കഥകൾ/വാക്യങ്ങൾ എന്നിവ ഉറക്കെ വായിക്കുന്നതു കേട്ട് തെറ്റില്ലാതെ എഴുതുന്നു. | |
| വ്യത്യസ്ത സാഹിത്യരൂപങ്ങൾ പരിചയപ്പെടുന്നു. | വ്യത്യസ്ത സാഹിത്യരൂപങ്ങളുടെ ലളിതമായ മാതൃകകൾ പരിചയപ്പെടുത്തുന്നു. | പരിചിതമായ കഥ, കവിത എന്നിവ മറ്റ് സാഹിത്യരൂപത്തിലേക്ക് മാറ്റി എഴുതുന്നു. സ്വന്തമായി സാഹിത്യരചനകൾ നടത്തുന്നതിന് ശ്രമിക്കുന്നു. | ജൂലൈ |
| ഭാഷാലാബ് പ്രവർത്തനങ്ങൾ. ഭാഷാപഠനം ലളിതവും ആകർഷകവുമാക്കൽ | ഭാഷാകേളികൾ, സാഹിത്യരൂപങ്ങൾ, കലാരൂപങ്ങൾ പരിചയപ്പെടുത്തൽ. അവതരണം. | കവിതാശകലങ്ങൾ കൂട്ടിയിണക്കി കാവ്യകേളി, ഓട്ടൻതുള്ളൽ, പാവനാടകം, കൂത്ത്, നാടകം, മുതലായ കലാരൂപങ്ങളുടെ പരിചയപ്പെടുത്തൽ | ഓഗസ്റ്റ് സെപ്റ്റംബർ |

…കൾ വിതരണം.

| | | | |
|---|---|---|---|
| മികച്ച സാഹിത്യകൃതികൾ പരിചയപ്പെടാനുള്ള അവസരം | മലയാളത്തിലെ മികച്ച ബാലസാഹിത്യരചനകൾ പരിചയപ്പെടുന്നു. | ക്ലാസ് ലൈബ്രറികൾ ക്രമീകരിക്കുന്നു. വായനാമൂല ഒരുക്കുന്നു. മികച്ച ബാലസാഹിത്യകൃതികൾ, സാഹിത്യകാരന്മാർ എന്നിവ പരിചയപ്പെടുത്തുന്നു. സാഹിത്യകാരന്മാരുടെ ജീവചരിത്രം കുട്ടി മനസ്സിലാക്കുന്നു. സാഹിത്യകൃതികൾ വായിച്ച് ആസ്വാദനങ്ങൾ തയാറാക്കുന്നു. മികച്ചവ ചേർത്ത് പതിപ്പ് തയാറാക്കുന്നു. | ഒക്ടോബർ – നവംബർ. |

# ACADEMIC MASTER PLAN - GUPS CHEMPLAW

## LP English

### Learning objectives

* Comprehend and enjoy simple stories
* Describes objects, pictures using appropriate colour size and shape. Description about themselves and their families.
* Add more exchanges to a conversation.
* Comprehend and enjoy simple stories
* Read, comprehend and enjoys poems.
* Sequences the events of story.
* Write thoughts of characters
* Responds to commands and requests.
* Write simple stage directions
* Preparing advertisements.
* Arrange the words in alphabetical order
* Identify rhyming words from the poem
* Adds lines to a peom following a set pattern
* Preparing notice proclamation.
* Presentation of Diary.
* Preparing letters.
* Undertakes simple project work.

Activities

June and July - To develop listerning skill & reading skill

- pretest
- Gamees, Action Songs
- Hello English Activitics
- Self Introduction
- Convessations
- Picture description.
- Stories, Skit use Ict.

August and September

- Develop the creative speaking and writing

- Book reading
- Find words
- Rhyming words
- make word web
- Word chain
- make words and sentences
- Make riddles
- Add more lines
- Reading cards
- T.B activites.

October and November.

- To express thoughts, feelings etc...

- Library book reading.
- Making riddles
- Making greeting card on birthday / New year.
- Read notice and prepare notice
- Develop story
- writing thoughts
- conduct English Fest.

## December and January.

: Develop the creative speaking and writing.

- Speech
- Role play
- Songs
- Read diary
- Develop Stroy.
- prepairing announcement
- preparing signboards
- skit stories use Ict.

## February and March

- To improve the presentation power.

- My growing book
- My picture dictionary
- Preparing advertisement & Notice
- Notice proclamation
- Thought
- Read letter from friends
- Make Magazines
- conduct an English Fest.
- Puppetry

# Other Activities for English

## Communicative English classess

Everyday we conducted one period for communicative English classes. Seperate classes were given for Lp/up section students. With the help of language games, role play, choreography Story presentation, and use of Ict we increased our children's communicatives skills. Everyday students send the videos of their performance.

## English club

Every Thursday we conducted english club in School. Every discourses were discussed in the club. Various activities like language choreography, speech, Songs, Story presentation and skit were presenting in the club.

## English Fest

Each term we conducted English fest for children

# അക്കാദമിക മാസ്റ്റർ പ്ലാൻ - ഗണിതം (L.P)

## ആമുഖം

വസ്തുക്കളെ സംഖ്യകൾ ഉപയോഗിച്ച് അപഗ്രഥിക്കാനും, വ്യാഖ്യാനിക്കാനും ചെയ്യുന്നതാണ് ഗണിതപഠന സമീപനം. ജീവിതത്തിന്റെ എല്ലാ മേഖലകളെയും ഗണിതശാസ്ത്ര പഠനം വളരെയേറെ സ്വാധീനിക്കുന്നുണ്ട്. അർത്ഥപൂർണ്ണമായ ആശയ രൂപീകരണത്തിലൂടെ കുട്ടികളുടെ യുക്തിചിന്ത വികസിപ്പിക്കുന്ന ഗണിത പഠന സമീപനമാണ് നാം സ്വീകരിക്കുന്നത്.

## ലക്ഷ്യങ്ങൾ

- ഗണിത പഠനം ഉല്ലാസപ്രദവും കൗതുകകരവുമാക്കി മുഴുവൻ കുട്ടികൾക്കും ഗണിതശേഷികൾ ഉറപ്പാക്കുക.
- മുഴുവൻ കുട്ടികളെയും മികച്ച പ്രശ്നപരിഹരണശേഷിയുള്ളവരാക്കി മാറ്റുക.

STD-III

- 3 അക്ക സംഖ്യകൾ കൈകാര്യം ചെയ്യാൻ അറിയുക.

**പ്രവർത്തനങ്ങൾ** **കാലയളവ്** **1 മാസം (ജൂൺ)**

- മൂന്നക്ക സംഖ്യകൾ വായിക്കാനും എഴുതാനും വേണ്ടിയുള്ള പ്രവർത്തനങ്ങൾ
- മൂന്നക്ക സംഖ്യകളെ വിവിധ രീതിയിൽ വ്യാഖ്യാനിക്കൽ
- മൂന്നക്ക സംഖ്യകൾ ഉപയോഗിച്ചുള്ള സങ്കലന വ്യവകലന ക്രിയകൾ

## ജൂലൈ

- പണം നിക്ഷേപിക്കുന്ന പ്രവർത്തനം
- ക്ലാസിൽ ഒരു കട, സ്കൂളിലൊരു കട പ്രവർത്തനങ്ങൾ
- പട്ടിക പൂർത്തിയാക്കൽ
- മൂന്നക്ക സംഖ്യകളുടെ വ്യാഖ്യാനം - 100 മുതൽ 200 വരെ
- 100 വീതം കൂട്ടി 1000 വരെ എഴുതുന്നു

## ആഗസ്റ്റ്

- ഒരു മൂന്നക്ക സംഖ്യയുടെ മുൻ, പിൻ സംഖ്യകൾ എഴുതൽ
- ഗണിത വിജയം പ്രവർത്തനങ്ങൾ സജ്ജമാക്കൽ

## സെപ്റ്റംബർ

- ഗണിത ശിൽപ്പശാല, മഞ്ചാടി, ഈർക്കിൽ എന്നിവ ഉപയോഗിച്ച് 3 അക്കസംഖ്യകളുടെ രൂപീകരണം, സ്ഥാനവിലപോക്കറ്റ്
- വിവിധ തരം ഗണിതകേളികളിൽ ഏർപ്പെടൽ

## ഒക്ടോബർ

- 3 അക്കമുള്ള സംഖ്യകൾ വ്യാഖ്യാനിക്കുന്നു
- ഗണിതവിജയ പ്രവർത്തനങ്ങൾക്ക് സാധ്യമാക്കൽ
- കൂടുതൽ ഗണിത തന്ത്രങ്ങൾ ഉപയോഗിക്കൽ
- വർക്ക്ഷീറ്റ് പ്രവർത്തനങ്ങൾക്ക് സാധ്യത ഒരുക്കൽ
- ഗണിതാശയ രൂപീകരണങ്ങൾ നടത്തുന്നു

## നവംബർ

- 3 അക്കസംഖ്യകൾ (അബാക്കസ്, കളിനോട്ടുകൾ)
- സ്ഥാനവിലയിൽ അറിവ് വർദ്ധിപ്പിക്കൽ

## ഡിസംബർ

- അക്കങ്ങൾ ആവർത്തിക്കാതെ വ്യത്യസ്ത മൂന്നക്ക സംഖ്യകൾ ഉണ്ടാക്കൽ. കളിനോട്ടുകളുടെ ഉപയോഗം പ്രയോജനപ്പെടുത്തൽ

ജനുവരി

- സംഖ്യാക്കൂട്ടങ്ങളിൽ നിന്ന് വലിയ സംഖ്യ, ചെറിയ സം എന്നിവ കണ്ടെത്തുന്നു.
- ഗണിതകേളികളിൽ ഏർപ്പെടുന്നു.
- ചതുഷ്ക്രിയാ പ്രവർത്തനങ്ങൾ ഉറപ്പാക്കൽ

ഫെബ്രുവരി

- മൂന്നക്ക സംഖ്യകൾ ആരോഹണ, അവരോഹണ ക്രമ എഴുതുന്നു.

മാർച്ച്

- മൂന്നക്ക സംഖ്യകൾ ഉപയോഗിച്ചുള്ള പ്രശ്നപരിഹരണ പ്രവർത്തനങ്ങൾ.

## STD: IV

ജൂൺ മാസം

- നാലക്ക സംഖ്യകളുടെ സംഖ്യാബോധം, വ്യാഖ്യാനം
- കളിനോട്ടുകൾ ഉപയോഗിച്ചുള്ള ഗണിതകേളികൾ
- പാറ്റേൺ വിശകലനം
- റോമൻ സംഖ്യാ സമ്പ്രദായം പരിചയപ്പെടൽ
- മലയാള അക്കങ്ങൾ പരിചയപ്പെടൽ
- ഡൈസ് കളി, സംഖ്യാചക്രം തുടങ്ങിയ ഗണിതകേളി
- ഗണിതമൂല നിർമ്മാണം.

ജൂലൈ

- ക്ലോക്ക്, വാച്ച് എന്നിവ നോക്കി സമയം പറയുന്നു.
- സെക്കന്റ്, മിനിറ്റ്, മണിക്കൂർ ബന്ധം വിശദീകരിക്കുന്നു.
- 24 മണിക്കൂർ ക്ലോക്കിൽ നൽകിയ സമയത്തെ 12 മണിക്കൂർ ക്ലോക്കിലേക്കും തിരിച്ചും മാറ്റിപ്പറയുന്നു.

• സമയത്തെ am, pm എന്നിവ ഉപയോഗിച്ച് പറയുന്നു.
• പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നു.
• സമയ ദൈർഘ്യം കണ്ടെത്തുന്നു.
• സമയ വിവരപ്പട്ടിക ഉപയോഗിച്ച് നിഗമനത്തിലെത്തുന്നു.
• കലണ്ടർ പരിചയപ്പെടുത്തുന്നു.
• കലണ്ടർ പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യുന്നു.

ആഗസ്റ്റ്

• നാലക്ക സംഖ്യകളുടെ സങ്കലനം
• പുനഃക്രമീകരണം വരുന്ന സങ്കലനക്രിയകൾ അടങ്ങിയ പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്നു.

സെപ്റ്റംബർ

• രണ്ട് നാലക്കസംഖ്യകൾ തമ്മിൽ വ്യത്യാസം കാണുന്നു.
• വ്യവകലന ക്രിയകളിൽ കടമെടുത്തു ചെയ്യുന്നു.

ഒക്ടോബർ

• ജ്യാമിതീയ രൂപങ്ങൾ വരക്കൽ
• ചതുരം, ത്രികോണം എന്നിവയുടെ ചുറ്റളവ് കണ്ടെത്തൽ
• ചുറ്റളവുമായി ബന്ധപ്പെട്ട പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കൽ
• ത്രിമാന വസ്തുക്കൾ പട്ടികപ്പെടുത്തൽ
• ജ്യോമട്രിക്കൽ ഡിസൈൻ വരക്കൽ

നവംബർ

• സംഖ്യകൾ ആവർത്തിച്ചു കൂട്ടേണ്ടി വരുന്ന സന്ദർഭങ്ങൾ കണ്ടെത്തൽ
• സംഖ്യയുടെ എണ്ണം കൊണ്ട് ഗുണിക്കൽ
• ഗുണന ക്രിയകൾ ചെയ്യൽ
• സംഖ്യകൾ ഗുണിക്കുന്നതിന് വ്യത്യസ്ത മാർഗങ്ങൾ കണ്ടെത്തുന്നു.

ഡിസംബർ

- ഹരണത്തിന്റെ വിവിധ രീതികൾ കണ്ടെത്തൽ
- പ്രശ്നങ്ങൾ ഹരണക്രിയയിലൂടെ നിർധാരണം ചെയ്യൽ
- പാറ്റേണുകൾ കണ്ടെത്തൽ
- പകുതിയും, കാൽ ഭാഗവും കണ്ടെത്തൽ
- വിവിധ ജ്യാമിതീയ രൂപങ്ങളിൽ $\frac{1}{2}$, $\frac{1}{4}$ ഇവ കണ്ടെത്ത

ജനുവരി

- നീളം അളക്കുന്നതിനുള്ള ഏകകം കണ്ടെത്തൽ
- ചെറിയ യൂണിറ്റുകൾ അളന്ന് കണ്ടെത്തുന്നു.
- ക്വിന്റൽ, ടൺ എന്നീ യൂണിറ്റുകൾ തിരിച്ചറിയുന്നു
- അളവ് പാത്രങ്ങൾ, അളക്കുന്നതിനുള്ള ഉപകരണ എന്നിവയുടെ നിർമ്മാണം, പ്രദർശനം, കളികളിൽ ഏർപ്പെടൽ

ഫെബ്രുവരി

- വിവരശേഖരണം നടത്തൽ
- പട്ടിക വിശകലനം ചെയ്ത് നിഗമനത്തിൽ എത്തുക
- ചിത്രങ്ങളും വരകളും ഉപയോഗിച്ച് വിവരങ്ങൾ അവതരിപ്പിക്കൽ
- ചിത്രങ്ങളിലെ വിവരശേഖരണങ്ങൾ നടത്തൽ
- I.T. Data collection games

മാർച്ച്

- പതിനായിരത്തിന് അപ്പുറമുള്ള സംഖ്യകൾ അക്കത്തിലും അക്ഷരത്തിലും എഴുതുന്നു.
- സ്ഥാനവില അനുസരിച്ച് വ്യാഖ്യാനിക്കുന്നു.
- പഠന മികവുകൾ പ്രദർശിപ്പിക്കൽ.

## STD I

### ലക്ഷ്യങ്ങൾ

- 1 മുതൽ 5 വരെയുള്ള സംഖ്യകൾ തിരിച്ചറിയുന്നു, എഴുതുന്
- 5 വരെയുള്ള എണ്ണത്തെ പകുതി, തുല്യം, കൂടുതൽ, കുറവ് എന്നിങ്ങനെ വിശദീകരിക്കുന്നു.
- ഗണിത ക്രിയകൾ ചിത്രീകരിക്കുന്നു.
- പകുതിയാക്കാൻ പറ്റുന്ന സംഖ്യകളും അല്ലാത്തവയും വസ്തുക്കൾ വെച്ച് കണ്ടെത്തി വിശദീകരിക്കുന്നു.
- ഗണിത പഠനത്തിന് സഹായകമായ തരത്തിൽ വസ്തുക്കൾ ശേഖരിച്ച് ഗണിതകിറ്റ് തയ്യാറാക്കുന്നു.
- 1 മുതൽ 20 വരെയുള്ള സംഖ്യകൾ എഴുതുകയും വായിക്കുകയും ചെയ്യുന്നു.
- 9ൽ താഴെയുള്ള വ്യത്യസ്ത സംഖ്യകളിൽ ഒരു സംഖ്യയോട് ഒ കൂടിയാൽ തന്നിരിക്കുന്ന വലിയ സംഖ്യ കിട്ടും എന്ന് കണ്ടെത്തി പറയുന്നു.
- ഒരക്ക സംഖ്യകൾ എണ്ണിയെടുക്കാനും, എഴുതാനും, വായിക്കാനും കഴിയു
- ഗണിതപഠനത്തിന് സഹായകമായ തരത്തിൽ വസ്തുക്കൾ ശേഖരിക്കു
- സംഖ്യകളെ ആരോഹണ, അവരോഹണ ക്രമത്തിലാക്കുന്നു.
- രണ്ട് ഒരക്ക സംഖ്യകളുടെ സങ്കലനം
- രണ്ട് ഒരക്ക സംഖ്യകളുടെ വ്യവകലനം
- ഒരക്ക സംഖ്യാവ്യാഖ്യാനം
- ഒരക്ക സംഖ്യാ പാറ്റേൺ രൂപീകരിക്കൽ
- ഒരക്കസംഖ്യയും രണ്ടക്കസംഖ്യയും ഉൾപ്പെടുന്ന ലളിതമായ ഗണിത പ്രശ്നങ്ങൾ പരിഹരിക്കുന്നു.

ജൂൺ

- സംഖ്യകൾ തിരിച്ചറിയൽ പ്രവർത്തനങ്ങൾ
- സംഖ്യാ കാർഡ് നിർമ്മിക്കൽ

ജൂലൈ

- ഗണിതപഠനത്തിന് സഹായകമായ തരത്തിൽ വസ്തുക്കൾ ഉപയോഗിച്ച് ഗണിതകിറ്റ് തയ്യാറാക്കുന്നു.
- സംഖ്യകൾക്ക് അനുസരിച്ച് ചിത്രങ്ങൾ വരച്ച് സംഖ്യാ കാർഡ്

ആഗസ്റ്റ്

- 1 മുതൽ 20 വരെയുള്ള സംഖ്യകൾ തിരിച്ചറിയൽ പ്രവർത്തനങ്ങൾ
- വലിയ സംഖ്യ, ചെറിയ സംഖ്യ തിരിച്ചറിയൽ
- കൂടുതൽ, കുറവ് തിരിച്ചറിയൽ

സെപ്റ്റംബർ

- സംഖ്യാഗാനങ്ങൾ ആസ്വദിക്കൽ
- ഒരക്ക സംഖ്യകളുടെ സങ്കലനം, വ്യവകലനം

ഒക്ടോബർ

- ഒറ്റ സംഖ്യകൾ, ഇരട്ട സംഖ്യകൾ തിരിച്ചറിയൽ
- വലിയ സംഖ്യ, ചെറിയ സംഖ്യ തിരിച്ചറിയൽ പ്രവർത്തനങ്ങൾ

നവംബർ

സംഖ്യാഗാനങ്ങൾ പാടുന്നു, ശേഖരിക്കുന്നു

- ഒരക്ക സംഖ്യയും രണ്ടക്ക സംഖ്യയും സങ്കലന പ്രവർത്തനങ്ങൾ

ഡിസംബർ

സംഖ്യകൾ ആരോഹണ, അവരോഹണക്രമത്തിൽ എഴുതുന്നു.

- ഗണിത ആൽബം തയ്യാറാക്കൽ

ജനുവരി

രണ്ടക്ക സംഖ്യയും ഒരക്ക സംഖ്യയും തമ്മിലുള്ള വ്യവകലന പ്രവർത്തനങ്ങൾ

• സങ്കലനം, വ്യവകലനം ചിഹ്നങ്ങൾ തിരിച്ചറിവ് നേടുന്നു
• 1 മുതൽ 10 വരെയുള്ള സംഖ്യകളുടെ സംഖ്യാ വ്യാഖ്യാനം

ഫെബ്രുവരി

• വില വിവരപ്പട്ടിക - പ്രശ്ന വിശകലന ക്രിയകളിൽ ഏർപ്പെടൽ

മാർച്ച്

• സംഖ്യകളുടെ പകുതി, തുല്യം - തിരിച്ചറിയൽ പ്രവർത്തനങ്ങൾ
• രണ്ടക്ക സംഖ്യയും ഒറ്റക്ക സംഖ്യയും ഉൾപ്പെടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നു.

STD: II

• ജൂൺ

• പാറ്റേണുകളിലെ സംഖ്യാബോധം കണ്ടെത്തൽ
• ഒരു സംഖ്യയോട് ഒന്നു കൂട്ടുമ്പോൾ തൊട്ടടുത്ത സംഖ്യയും 1 കുറച്ചാൽ തൊട്ട് മുമ്പുള്ള സംഖ്യയും കിട്ടും എന്ന് തിരിച്ചറിയുന്നു.

ജൂലൈ

• ഒരു കൂട്ടം വസ്തുക്കളോട് അതേ ഇനത്തിൽപ്പെട്ട മറ്റൊരു കൂട്ടം വസ്തുക്കൾ ചേർന്ന് ആദ്യ കൂട്ടത്തിന്റെ തുടർച്ചയായി എണ്ണി ആകെ എണ്ണം പറയുന്നു
• പത്തിന്റെയും ഒന്നിന്റെയും കൂട്ടങ്ങൾ ചേർന്ന് രണ്ടക്ക സംഖ്യകൾ രൂപീകരിക്കുന്നു.

ആഗസ്റ്റ്

• വിവിധ പാറ്റേണുകൾ രൂപീകരിക്കൽ
• സംഖ്യകളുടെ പ്രത്യേകതകൾ കണ്ടെത്തുന്നു
• ഓരോ സംഖ്യകളേയും പ്രായോഗിക ഗണിതാശയ തലങ്ങളിൽ ഉൾപ്പെടുത്താവുന്ന കൂടുതൽ പ്രവർത്തനങ്ങൾ

സെപ്റ്റംബർ

- ഗണിത കിറ്റിലെ സാധനങ്ങൾ നിരത്തി പ്രായോഗിക പ്രശ്നം പരിഹരിക്കൽ
- വില വിവരപ്പട്ടിക തയ്യാറാക്കൽ
- ക്ലാസിലൊരു കട, സ്കൂളിലൊരു കട- ഗണിതാശയങ്ങൾ പ്രായോഗിക രീതിയിലൂടെ ഉറപ്പിക്കൽ

ഒക്ടോബർ

- രണ്ടക്ക സംഖ്യകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്നു
- രണ്ടക്ക സംഖ്യകളുടെ സങ്കലനം, വ്യവകലനം
- സംഖ്യാ പാറ്റേണുകൾ രൂപീകരിക്കൽ

നവംബർ

- പ്രായോഗിക പ്രശ്ന പരിഹാരത്തിനായി കളിനോട്ടുകൾ വെച്ചുള്ള പ്രവർത്തനങ്ങൾ
- നോട്ടുകളും നാണയങ്ങളും തിരിച്ചറിയൽ, കൂട്ടിച്ചേർത്ത് സംഖ്യ രൂപീകരിക്കൽ

ഡിസംബർ

- സ്ഥാനവില പ്രശ്നം പരിഹരിക്കുന്നതിനായി സ്ഥാനവില പോക്കറ്റ്, അബാക്കസ് നിർമ്മിക്കൽ
- രണ്ടക്ക സംഖ്യകളുടെ തുക കണ്ടെത്താനായി വ്യത്യസ്ത രീതികൾ ഉപയോഗിക്കുന്നു.

ജനുവരി

- വിലവിവരപ്പട്ടിക തയ്യാറാക്കൽ
- വിവരങ്ങൾ ക്രോഡീകരിച്ച് പട്ടികപ്പെടുത്തൽ
- പട്ടികയിലെ വിവരങ്ങൾ കണ്ടെത്തി പറയുന്നു.
- പ്രശ്നം നിർദ്ധാരണം ചെയ്യുന്നു.

ഫെബ്രുവരി

- ഗണിതം ആസ്വാദ്യകരമാക്കാൻ ഗണിതഗാനാലാപനം
- ഗണിതപഠനം കളിരീതിയിൽ ഉറപ്പാക്കുന്നു.

മാർച്ച്

- കലണ്ടർ പതിപ്പ് തയ്യാറാക്കൽ
- കലണ്ടറിൽ ചുവന്ന അക്കങ്ങളെക്കും കറുത്ത അക്കങ്ങളെക്കും തിരിച്ചറിവ് നേടുന്നു.
- മാസത്തിൽ ദിവസങ്ങളുടെ വ്യത്യാസം കണ്ടെത്തൽ
- കലണ്ടർ സംഖ്യാബന്ധങ്ങൾ, പാറ്റേണുകൾ രൂപീകരിക്കുന്നു
- കലണ്ടർ നോക്കി സംഖ്യകൾ താരതമ്യം ചെയ്യൽ
- ഗണിതാശയങ്ങൾ പ്രായോഗിക പ്രശ്നത്തിലൂടെ കൈകാര്യം ചെയ്യാൻ പ്രാപ്തരാവുക.

# അക്കാദമിക മാസ്റ്റർപ്ലാൻ

## LP മലയാളം

പ്രവർത്തനലക്ഷ്യങ്ങൾ

* എല്ലാ കുട്ടികളും തെറ്റില്ലാത്തഭാഷയിൽ ചെറുവാക്യങ്ങൾ എഴുതാൻ കഴിവു നേടുന്നു.
* എല്ലാ കുട്ടികളും ചെറുവാക്യങ്ങൾ ഉൾപ്പെട്ട രചനകൾ വായിക്കാൻ കഴിവു നേടുന്നു.
* എല്ലാ കുട്ടികളും രക്ഷിതാവിന്റെ പിന്തുണയോടെ സംയുക്തഡയറി തയ്യാറാക്കുന്നു.
* രക്ഷിതാക്കളുടെ പങ്കാളിത്തവും പിന്തുണയും ഉറപ്പാക്കുന്നതിനുള്ള രീതികൾ വികസിപ്പിക്കുന്നു.
* ആശയാവതരണ രീതിയുടെ പ്രായോഗികതയും സാധ്യതയും ഗവേഷണാത്മകമായി പരിശോധിക്കുന്നു.

പ്രവർത്തനപദ്ധതികൾ

ജൂൺ

ശില്പശാല

സചിത്രനോട്ട്ബുക്ക്

സംയുക്തഡയറി

വായനോത്സവം

രചനോത്സവം

Class PTA

## ജൂലൈ

× ചിത്രം, വീഡിയോ എന്നിവ കാണിക്കുന്നു
× വീഡിയോയിൽ കണ്ട കാര്യങ്ങൾ പറയിപ്പിക്കുന്നു.
× പദസമ്പത്ത്
× മറ്റ് പദങ്ങൾ കണ്ടെത്തി എഴുതുന്നു.
× ക്ലാസ് ലൈബ്രറി ശാക്തീകരണം.
× അമ്മ വായന
× പഠിക്കുന്ന പാഠങ്ങളിൽ നിന്ന് ബാലസാഹിത്യ കൃതികളിലേക്ക്.

## ഓഗസ്റ്റ്

× സംയുക്ത ധ്വനി വിലയിരുത്തൽ
× ചിത്ര നോട്ട്ബുക്ക് അവലോകനം പ്രദർശനം.
× CPTA
× സ്വതന്ത്ര വായന ഉറപ്പാക്കും.
× സ്വന്തം സർഗ്ഗാത്മക രചനകളുടെ അവതരണം.
× വാക്യങ്ങൾ നിർമ്മിക്കുന്നു.

## സെപ്റ്റംബർ

× കഥാവതരണം
× ചോദ്യങ്ങൾ. ഉത്തരങ്ങൾ കണ്ടെത്തുന്നു.
× കഥയിലെ കഥാപാത്രങ്ങളുടെ ചിത്രം വരക്കുന്നു, പേര് എഴുതുന്നു.

## ഒക്ടോബർ

× വളരുന്ന വാക്യങ്ങൾ രൂപപ്പെടുത്തൽ
× ചിത്രം നോക്കി പേരെഴുതൽ

× മല, വലിയ മല, മരങ്ങളുള്ള വലിയമല
× ഇതു പോലുള്ള മറ്റു വാക്യങ്ങൾ സ്വയം കണ്ടെത്തി എഴുതൽ.

നവംബർ

× ചിഹ്നങ്ങൾ ഉറപ്പിക്കൽ
× ICT ചിത്രം കാണിക്കുന്നു. വാക്യങ്ങൾ എഴുതൽ
× പരിചിതമായ വാക്യങ്ങൾ ചിഹ്നങ്ങൾ ഇല്ലാതെ നൽകൽ
× ഉചിതമായ ചിഹ്നങ്ങൾ ചേർക്കാൻ അവസരം നൽകുന്നു.
× CPTA

ഡിസംബർ

× ലളിതമായ വായനാകാർഡുകൾ അധ്യാപകരുടെ സഹായത്തോടെ വായിക്കുന്നു.
× സ്വയം വായിക്കാനുള്ള അവസരം നൽകൽ

ജനുവരി

× അധ്യാപിക തയ്യാറാക്കിയ കഥ ചാർട്ടിൽ പ്രദർശിപ്പിക്കുന്നു.
× കുട്ടികൾക്ക് വായിക്കാനവസരം നൽകുന്നു.
× ചെറിയ ചെറിയ വാക്യങ്ങൾ ഉപയോഗിച്ച് കഥ സ്വയം നിർമ്മിക്കുന്നു.

ഫെബ്രുവരി

* കഥാചിത്രങ്ങൾ ഡിജിറ്റൽ സാധ്യത ഉപയോഗിച്ച് കാണിക്കുന്നു.
* ചിത്രങ്ങളെ അടിസ്ഥാനമാക്കി കുട്ടികൾ കഥ എഴുതുന്നു.
* കഥാ പതിപ്പ് തയ്യാറാക്കുന്നു

മാർച്ച്

* CPTA നടത്തുന്നു.
* വായനയിലും എഴുത്തിലും കുട്ടികളുടെ നിലവാരം രക്ഷിതാവിനെ ബോധ്യപ്പെടുത്തുന്നു.
* മികവുകൾ പരിചയപ്പെടുത്തുന്നു.
* അവതരിപ്പിക്കുന്നു.

# അക്കാദമിക മാസ്റ്റർ പ്ലാൻ

## പരിസര പഠനം

Class III & class IV

ലക്ഷ്യം : 1

• പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തിയെടുക്കുക.
• ശാസ്ത്രവിഷയങ്ങളിൽ അഭിരുചിയും താൽപര്യവും വളർത്തുക.

| ക്രമം | മാസം | പ്രവർത്തനം |
|---|---|---|
| 1 | ജൂൺ To ഒക്ടോബർ | പ്രകൃതി നടത്തം<br>• ചുറ്റുപാടുമുള്ള ജീവജാലങ്ങളെ നിരീക്ഷിക്കാം<br>• പ്രത്യേകതകൾ മനസ്സിലാക്കാം<br>• വിവിധ ആവാസവ്യവസ്ഥകൾ അടുത്തറിയാം<br>• ജീവികളുടെ പരസ്പരാശ്രയത്വം - ചർച്ച.<br>• നമുക്ക് ചുറ്റുപാടുമുള്ള മലിനീകരണ പ്രശ്നം അന്വേഷിച്ചറിയാം - സ്വയം തിരുത്താം.<br>• ഫീൽഡ് ട്രിപ്പ്<br>• പ്രകൃതിക്ക് ഭീഷണിയാകുന്ന മനുഷ്യന്റെ ഇടപെടലുകൾ മനസ്സിലാക്കാം<br>• ഡോക്യുമെന്ററി പ്രദർശനം<br>• ചർച്ച - തെറ്റും ശരിയും |
| 2. | ജൂൺ To മാർച്ച് | പൂന്തോട്ടം ഒരുക്കാം<br>• സ്കൂൾ പൂന്തോട്ടം പരിപാലിക്കൽ<br>• വീട്ടിൽ പൂന്തോട്ടം നിർമ്മിക്കൽ |
| 3 | ജൂൺ To മാർച്ച് | ഒരു തൈ നടാം<br>• പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് വൃക്ഷത്തൈ നടീൽ<br>• നട്ട വൃക്ഷത്തൈ പരിപാലിക്കൽ |

| നം | മാസം | പ്രവർത്തനം |
|---|---|---|
| 4 | ജൂൺ | പോസ്റ്റർ നിർമ്മാണം<br>• പ്രകൃതി സംരക്ഷണ പോസ്റ്റർ തയ്യാറാക്കൽ<br>• പരിസരദിനത്തിൽ പതിക്കൽ |
| 5 | മാർച്ച് To മെയ് | ദാഹജലം<br>• പൂന്തോട്ടത്തിൽ വേനൽക്കാലത്ത് കിളികൾക്ക് ദാഹജലം സജ്ജീകരിക്കാം |

ലക്ഷ്യം: 2
കുട്ടികളെ വ്യക്തി ശുചിത്വവും പരിസര ശുചിത്വവും ഉള്ളവരാക്കി മാറ്റുക.

| നം | മാസം | പ്രവർത്തനം |
|---|---|---|
| 1. | ജൂൺ To മാർച്ച് | ദിനകൃത്യങ്ങൾ<br>• ഓരോ ദിവസവും പ്രഭാതകൃത്യങ്ങൾ കഴിഞ്ഞേ സ്കൂളിൽ വരാവൂ എന്ന ബോധം ക്ലാസ് ചർച്ചകളിലൂടെ ഉറപ്പിക്കുന്നു.<br>• കുട്ടികളെ ഗ്രൂപ്പുകളാക്കി ഓരോ ദിവസത്തെയും പരിശോധന ചുമതല ഓരോ ഗ്രൂപ്പിനായി നൽകുന്നു. |
| 2 | ജൂലൈ To മാർച്ച് | നമ്പർ വൺ<br>• ക്ലാസ് തലത്തിൽ ശുചിത്വ മത്സരം<br>• വ്യക്തി ശുചിത്വം, ക്ലാസ്റൂം, പരിസര ശുചിത്വം എന്നിവ അടിസ്ഥാനപ്പെടുത്തി മാർക്ക് നൽകുന്നു. |
| 3 | ജൂൺ To ഡിസംബർ | പരിസര നടത്തം<br>• നമ്മുടെ പരിസരത്തെ മലിനീകരണ പ്രശ്നം അടുത്തറിയാം – സർവ്വേ<br>• മലിനീകരണം മൂലമുള്ള പ്രശ്നങ്ങൾ കണ്ടെത്തുന്നു<br>• പരിസ്ഥിതി സംരക്ഷണ പ്രതിജ്ഞ |

| Sl No | മാസം | പ്രവർത്തനം |
|---|---|---|
| 4 | ജൂലൈ To മാർച്ച് | നല്ല ശീലം<br>• പോസ്റ്ററുകൾ തയ്യാറാക്കാം<br>• പരിസരങ്ങളിൽ പതിക്കാം |
| | ലക്ഷ്യം : 3<br>ശാസ്ത്ര വിഷയങ്ങളിൽ അഭിരുചിയും താൽപ്പര്യവും വളർത്തുക | |
| 1 | ജനുവരി To മാർച്ച് | ഫീൽഡ് ട്രിപ്പ്<br>• നമ്മുടെ നാടിനെ, പരിസ്ഥിതിയെ അടുത്തറിയാനായി ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുന്നു.<br>(കുളം, വയൽ, കാട് etc) |
| 2 | ഡിസംബർ To ഫെബ്രുവരി | പരീക്ഷണങ്ങൾ<br>• ശാസ്ത്ര കൗതുകം വളർത്തുന്ന പരീക്ഷണങ്ങളിൽ ഏർപ്പെടുന്നു. |
| 3 | ഡിസംബർ To ഫെബ്രുവരി | ശാസ്ത്രജ്ഞനോടൊപ്പം<br>• ക്യാമ്പ്<br>• മികച്ച ശാസ്ത്ര അധ്യാപകന്റെ സേവനം ലഭ്യമാക്കുന്നു. |
| 4 | ജനുവരി To മാർച്ച് | പക്ഷി നിരീക്ഷണം<br>• ക്യാമ്പ്<br>• പക്ഷി നിരീക്ഷണത്തിന് അവസരം. |